
# മലങ്കര നവോത്ഥാനം

"ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നെ തിരഞ്ഞുകൊള്ളുവിൻ. അവരെ ഈ വേലയ്ക്ക് ആക്കാം."
- അപ്പോ. പ്രവൃത്തികൾ 6:3

വാല്യം 1 ലക്കം 3 | കോട്ടയം | 2016 ഡിസംബർ | പേജ് 8


## അപ്പോസ്തോലിക കാലത്തെ തിരഞ്ഞെടുപ്പ്


**ഫാ. ഡോ. റ്റി. ജെ. ജോഷ്വ**

അപ്പോസ്തോല സമൂഹത്തിന്റെ നേതൃത്വവും പരിശുദ്ധാത്മനിറവും അനുഭവവേദ്യമായ സഭാസമൂഹമായിരുന്നു യരുശലേമിലേത്. രക്ഷകനായ ക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളും വിശ്വാസികളുടെ സജീവ സ്മരണയിൽ തുടരുന്ന അവസ്ഥ. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മാവ് സമൂഹത്തിൽ സജീവം. സഹായത്തിന്റെയും പങ്കുവെയ്ക്കലിന്റെയും അനുഭവം പ്രകടം തന്നെ.

പക്ഷേ അവിടെത്തന്നെ പിറുപിറുപ്പും പരാതിയും ശബ്ദമുയർത്തുന്നു, അതും പാവപ്പെട്ട വിധവമാരിൽ നിന്ന്. അവരുടെ സംരക്ഷണം സഭാസമൂഹം നടത്തിവന്നു. അവിടെ രണ്ടു വിഭാഗത്തിൽപ്പെട്ട വിധവകളുണ്ടായിരുന്നു. പലസ്തീനിൽ ജനിച്ച് അവിടെ ജീവിച്ചു വന്നവർ; അവർ സംസാരിക്കുന്നത് പ്രാദേശികഭാഷയായ അറാമയ (സുറിയാനിയോടു ബന്ധമുള്ളത്) ആയിരുന്നു. പലസ്തീനു പുറത്ത് പ്രവാസത്തിൽ ജീവിച്ച് ഇപ്പോൾ യറുശലേമിൽ കഴിയുന്നവർ; അവർ സംസാരിക്കുന്നത് ഗ്രീക്കു ഭാഷയും. രണ്ടാമത്തെ ഗണത്തിൽപ്പെട്ടവരെ ദിനംപ്രതിയുള്ള സഹായത്തിൽ അവഗണിക്കുന്നു എന്നായിരുന്നു പരാതി. സഭയിൽ ഉയർന്ന ആദ്യത്തെ പരാതിയായിരുന്നു അത്. സഭാനേതൃത്വം അതിനെ അവഗണിക്കയോ, നിഷേധിക്കയോ ചെയ്യാതെ അടിയന്തിരമായി പരിഹാരം വരുത്തുവാൻ സന്നദ്ധമായി. അത് ഒറ്റയാൻ തീരുമാനമോ നീക്കമോ ആയിരുന്നില്ല. കൂട്ടായി ചിന്തിച്ച് കൂട്ടായി എടുത്ത നടപടിയാണ്. വിധവമാരുടെ ശുശ്രൂഷയിൽ വേണ്ടവിധം ശ്രദ്ധിക്കാൻ ഏഴു പേരെ തിരഞ്ഞെടുത്തു നിയോഗിച്ചു. അപ്പോസ്തോലന്മാർ പറയുന്നത് "ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും." അപ്പോസ്തോലന്മാരുടെ പിൻഗാമികൾ ശ്രദ്ധിക്കേണ്ട തീരുമാനമാണത്.

നമ്മുടെ ശ്രദ്ധയിൽ വരേണ്ട വിഷയം, സഭയിൽ ആദ്യമായി നടന്ന ഒരു തിരഞ്ഞെടുപ്പായിരുന്നു മേൽപ്പറഞ്ഞ ഏഴു പേരുടേത് എന്നുള്ളതാണ്. അപ്പോസ്തോലന്മാർ ചില മാനദണ്ഡങ്ങൾ അവലംബിച്ചിരുന്നു എന്നു ലൂക്കോസ് വ്യക്തമാക്കുന്നുണ്ട്. പത്രോസിന്റേയോ മറ്റേതെങ്കിലും അപ്പോസ്തോലന്മാരുടെയും പാർശ്വവർത്തികളെയോ, ഇഷ്ടഭാജനങ്ങളെയോ ആയിരുന്നില്ല തിരഞ്ഞെടുത്തത്. അടവുകൾ പ്രയോഗിക്കാനും കുതന്ത്രങ്ങൾ മെനയാനും കഴിവുള്ളവരെയുമല്ല, പേരിനും പെരുമയ്ക്കും മോഹിക്കുന്നവരെയും അല്ല, എവിടെയും കയറിപ്പറ്റി സ്ഥാനം ഉറപ്പിക്കുന്നവരെയും അല്ല.

അപ്പോസ്തോലന്മാർ പരിഗണിച്ച യോഗ്യതകൾ എന്തെല്ലാമായിരുന്നു: "ആത്മാവും, ജ്ഞാനവും നിറഞ്ഞ്, നല്ല സാക്ഷ്യമുള്ളവരായ ഏഴു പേരെയാണ്" (അ. പ്ര. 6:3) തിരഞ്ഞെടുത്തത്. മൂന്നു യോഗ്യതകളാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. വിധവമാർക്കു അപ്പം വിഭജിച്ചു കൊടുക്കുന്ന ദൗത്യം മാത്രമായിരുന്നെങ്കിൽ വിളമ്പാൻ കൈച്ചുറുക്കും പെരുമാറാൻ സൗമനസ്യവും മാത്രം മതിയായിരുന്നു. മുകളിൽ പറഞ്ഞ യോഗ്യതകൾ ആവശ്യപ്പെടുന്നില്ല. ഇവർ സഭയിൽ വഹിച്ച ശുശ്രൂഷയും സേവനവും കണക്കിലെടുക്കുമ്പോൾ അവർക്കു പ്രത്യേക പദവിയും സ്ഥാനവും (ശെമ്മാശന്മാർ) നൽകപ്പെട്ടിരുന്നു എന്നു വ്യക്തമാണ്. സഭാസംബന്ധമായ സേവനത്തിനും പ്രവർത്തനത്തിനും തിരഞ്ഞെടുക്കപ്പെടേണ്ടവർക്ക്, രാഷ്ട്രീയത്തിലും മറ്റു സാമൂഹ്യരംഗത്തും നേതൃസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതകളും മാനദണ്ഡങ്ങളുമല്ല വേണ്ടത്. അപ്പോസ്തോലന്മാർ അടിസ്ഥാനപരമായി അംഗീകരിച്ച മൂന്നു കാര്യങ്ങൾ നിശ്ചയമായും ഏതു കാലത്തുമുള്ള തിരഞ്ഞെടുപ്പിൽ പരിഗണിക്കപ്പെടേണ്ടവയാണ്.

**1. ആത്മാവ് നിറഞ്ഞവർ:-** പരിശുദ്ധാത്മനിറവിൽ ജീവിക്കുന്നവർ എന്നുള്ളതാണ് ഒന്നാമത്തെ യോഗ്യത. ആ അവബോധമാണ് നീതിയുടെയും വിശുദ്ധിയുടെയും മാർഗ്ഗത്തിൽ ചരിക്കാൻ പ്രേരിപ്പിക്കുന്നതും പ്രാപ്തനാക്കുന്നതും. ആത്മികൻ എന്നു പറയുമ്പോൾ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട് പുതുമനുഷ്യനെ ധരിക്കുന്നവനാണ്. ആത്മനിറവുള്ളവൻ വാക്കിലും, ചിന്തയിലും, പ്രവൃത്തിയിലും ഔന്നത്യം പുലർത്തുന്നവനായിരിക്കും. അവൻ ജഡിക പ്രവൃത്തികൾക്കടിമയാകാൻ അനുവദിക്കയില്ല. ജഡത്തിനടിമയായി ജീവിക്കുന്നവൻ, ദുർന്നടപ്പിലും, അശുദ്ധിയിലും, മദ്യപാനത്തിലും, വെറിക്കൂത്തിലും എല്ലാം അഭിരമിക്കുന്നവരാണ്. ആത്മചൈതന്യവും, ആത്മനടത്തിപ്പും ഉള്ള നേതാക്കളാണ് സഭയ്ക്കാവശ്യം. സഭയുടെ മാനദണ്ഡവും, രാഷ്ട്രീയത്തിന്റെ അളവുകോലും വ്യത്യസ്തമാണെന്ന് മനസ്സിലാക്കാത്തവരാണ് ഇന്ന് സഭാമണ്ഡലത്തിൽ പ്രവർത്തിക്കാൻ എത്തുന്നത്. രാഷ്ട്രീയത്തിലെയും, സാമൂഹ്യ സംഘടനകളിലെയും കയ്യാംകളി സഭാരംഗത്തും പ്രയോഗിക്കുന്നതാണ് ഇന്നത്തെ അപകടം.

**2. ജ്ഞാനം നിറഞ്ഞവൻ:-** ശാസ്ത്രത്തിലും, ഫിലോസഫിയിലും, സാഹിത്യത്തിലും, രാഷ്ട്രമീമാംസയിലും എല്ലാം വിജ്ഞാനം സമ്പാദിച്ചവരെന്നല്ല. അത്തരം അറിവുകൾ അപ്രസക്തമെന്നോ, അസംഗതമെന്നോ അല്ല. തിരുവെഴുത്തുകളെക്കുറിച്ചും, സഭാപാരമ്പര്യത്തെക്കുറിച്ചും, വിശ്വാസപൈതൃകത്തെക്കുറിച്ചുമുള്ള വിജ്ഞാനമാണ് സഭാപ്രവർത്തകർക്ക് അവശ്യം വേണ്ടിയിരിക്കുന്നത്. ഏഴു പേരിൽ ഒരാളായ സ്തേഫാനോസിന്റെ സുദീർഘമായ പ്രസംഗം (അ. പ്ര. 7) ലൂക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. യിസ്രായേല്യ ചരിത്രവും, ആരാധനാ പാരമ്പര്യവും, മശിഹായെപ്പറ്റിയുള്ള പ്രതീക്ഷകളും എത്ര വിശദമായും, ആഴമായും ഗ്രഹിച്ചിരുന്ന ആളാണ് സ്തേഫാനോസ് എന്നു വ്യക്തമാകും. അതുപോലെ ഏഴു പേരിൽപെട്ട പീലിപ്പോസ് ശമര്യയിൽ പോയി സുവിശേഷം പ്രസംഗിച്ച് അനേകരെ സഭയിലേക്കു ചേർക്കുവാൻ തക്ക അറിവും കഴിവും നിറഞ്ഞവനായിരുന്നു.

സഭയുടെ ഭരണസമിതിയായ മാനേജിംഗ് കമ്മിറ്റിയിലേക്കു കടന്നുവരുന്നവർ സഭയുടെ വിശ്വാസവും, പാരമ്പര്യവും കാനോനാകളും, എല്ലാറ്റിലും ഉപരി ദൈവവചനത്തെക്കുറിച്ചുള്ള സാമാന്യമായ ജ്ഞാനവും ആർജ്ജിച്ചവരായിരിക്കണം. സണ്ടേസ്കൂൾ പഠനം നിശ്ചയമായും പൂർത്തീകരിച്ചിരിക്കണം. ദിവ്യബോധനം പഠിച്ചിട്ടുള്ളവർക്കു മുൻഗണന നൽകണം. പണമോ, പ്രതാപമോ അല്ല മാനദണ്ഡമായി എടുക്കേണ്ടത്. സഭയെ യഥാർത്ഥമായി സ്നേഹിക്കുന്നവൻ സഭയുടെ വിശ്വാസത്തെയും പ്രമാണങ്ങളെയും അറിയുന്നവനും പാലിക്കുന്നവനുമായിരിക്കും.

**3. നല്ല സാക്ഷ്യമുള്ളവർ:-** മൂന്നാമത്തെ യോഗ്യത, അവർ സമൂഹത്തിൽ നല്ല സാക്ഷ്യമുള്ളവരായിരുന്നു. എന്താണ് അതുകൊണ്ട് അർത്ഥമാക്കുന്നത്? പേരും പെരുമയുമുള്ളവരെന്നാണോ? പ്രതാപവും പ്രൗഢിയും പുലർത്തുന്നവർ എന്നാണോ? അല്ലേ, അല്ല. വാക്കിലും പ്രവൃത്തിയിലും നല്ല മാതൃകയും നിലവാരവും പുലർത്തുന്നവർ; ധാർമ്മിക മൂല്യങ്ങളെ മുറുകെ പിടിക്കുന്നവരും ആദർശനിഷ്ഠയുള്ളവരും എന്നർത്ഥം. പണം കൊടുത്തു സമ്പാദിക്കാവുന്ന ഒന്നല്ല അത്. രഹസ്യജീവിതവും പരസ്യജീവിതവും തമ്മിൽ വൈരുദ്ധ്യമില്ലാത്ത അനുഭവമാണ്. മറ്റുള്ളവരുടെ പ്രീതി സമ്പാദിക്കാനും അംഗീകാരം നേടാനും അടവൊന്നും പ്രയോഗിക്കാതെ നിശ്ശബ്ദമായ ജീവിതശൈലിയാണ്. ദൈവത്തോടും മറ്റുള്ളവരോടും നല്ല ബന്ധം പുലർത്തുന്നവർക്കേ നല്ല സാക്ഷ്യം ലഭിക്കൂ. നിസ്തന്ദ്രമായ ശ്രമവും, ജാഗ്രതയും ജീവിതത്തിൽ പുലർത്താൻ അവർ ശ്രദ്ധിക്കും.

ഭക്തിയുടെ വേഷം കെട്ടുന്നവരുണ്ടാകും. പക്ഷേ അവരുടെ കപടമുഖം വേഗം മറ്റുള്ളവർ തിരിച്ചറിയും. കർത്താവിന്റെ വിമർശനശരം ഏറ്റവും ഏൽക്കേണ്ടിവന്നത് അന്നത്തെ പരീശവിഭാഗത്തിനാണ്. അവർ കപടഭക്തി പുലർത്തുന്നവരായിരുന്നു. ആത്മാർത്ഥതയും സത്യസന്ധതയും


*(ശേഷം മൂന്നാം പേജിൽ)*


## മുഖപ്രസംഗം

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളായി വിവിധ ദേവാലയങ്ങളിൽ നിന്ന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രതിപുരുഷന്മാർക്ക് *മലങ്കര നവോത്ഥാന*ത്തിന്റെ സ്നേഹാദരവുകൾ. ഈ പ്രസിദ്ധീകരണത്തിന്റെ രണ്ടു ലക്കങ്ങൾ മുമ്പത്തെ അസോസിയേഷൻ അംഗങ്ങൾക്ക് അയച്ചിരുന്നത് നിങ്ങളിൽ ചിലരെങ്കിലും കണ്ടിരിക്കുമെന്ന് വിശ്വസിക്കുന്നു.

### നവോത്ഥാനം എന്തിന്?

കഴിഞ്ഞ അഞ്ചു പത്തു വർഷങ്ങളിലെ സഭയുടെ വളർച്ച പരിമിതവും, തളർച്ച ഭയാനകവും ആയിരുന്നുയെന്ന് സഭാസ്നേഹികൾ ആശങ്കപ്പെടുന്നു. സ്വജനപക്ഷപാതവും സ്വാർത്ഥതയും മാത്രം കൈമുതലാക്കിയ ചിലർ കുടിലതന്ത്രങ്ങളിലൂടെ നേതൃത്വത്തിലെത്തുമ്പോൾ സംഭവിക്കാവുന്നതൊക്കെയാണ് സഭയിലും സംഭവിച്ചത്. പാരമ്പര്യത്തേയും ഭരണഘടനയെയും പിന്നാമ്പുറത്താക്കി, സ്വാർത്ഥതാല്പര്യങ്ങൾ നേടിയെടുക്കുന്നതിനും തന്റെയും കുടുംബത്തിന്റെയും വളർച്ചയ്ക്കും ഉയർച്ചയ്ക്കും, ധനസമ്പാദനത്തിനും, വിദേശയാത്രകൾ സംഘടിപ്പിക്കുന്നതിലേക്കും മാത്രമായി അവരിൽ ചിലരുടെ സേവന താൽപര്യങ്ങൾ.

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പ. ബാവാ തിരുമേനിയുടെ കരങ്ങൾക്ക് ശക്തി പകരാൻ, കൈമോശം വന്ന മൂല്യങ്ങളും ദർശനങ്ങളും പ്രവർത്തനങ്ങളും തിരികെ കൊണ്ടുവരുവാൻ, കരുത്തും ശേഷിയുമുള്ള, ത്യാഗോജ്ജ്വലമായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവർ സഭയുടെ വൈദിക-അത്മായ ട്രസ്റ്റി സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടണം. അതുപോലെതന്നെ, സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കും വേണ്ടി അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളേയും തെരഞ്ഞെടുക്കണം.

ഇത്തരത്തിൽ കാഴ്ചപ്പാടുള്ള ഒരു നല്ല ടീം പ. ബാവാ തിരുമേനിക്കും, മറ്റു ഭദ്രാസന മെത്രാപ്പോലീത്തന്മാർക്കും, ചുറ്റുമുണ്ടാകുമ്പോഴാണ്, കാതോലിക്കേറ്റിന്റെ പ്രൗഢിയും പ്രതിഛായയും ലോകം മുഴുവൻ പ്രകാശം ചൊരിയുന്നതായി തീരുകയുള്ളു.

മലങ്കരസഭയെ ദിശതിരിച്ച് നേർവഴിക്കാക്കാൻ, ഈ വരുന്ന അസോസിയേഷൻ തെരഞ്ഞെടുപ്പിലൂടെ നിങ്ങൾക്ക് കഴിയും, എന്നുള്ള ഉത്തമബോധ്യം കൊണ്ടാണ് ഈ 'മലങ്കര നവോത്ഥാനം' പ്രസിദ്ധീകരണം നിങ്ങൾക്ക് അയയ്ക്കുന്നത്. ഈ തെരഞ്ഞെടുപ്പിൽ പങ്കുചേരുന്ന നിങ്ങളോരോരുത്തരും, നിങ്ങളുടെ വോട്ടവകാശം പരിപൂർണ്ണ ഉത്തരവാദിത്വബോധത്തോടും, സ്വാധീനങ്ങൾക്ക് വിധേയപ്പെടാതെയും, പ്രാർത്ഥനാപൂർവവും നിർവഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### രണ്ടു റ്റേം (10 വർഷം) പൂർത്തിയാക്കിയ സ്ഥാനികൾ മാറണം

ഇത് ഇന്നത്തെ മലങ്കരസഭാമക്കളുടെ ആവശ്യമാണ്. മലങ്കരയിൽ നിലനിന്നിരുന്ന മാറാകൈസ്ഥാനം അവസാനിപ്പിച്ച്, അഞ്ചു വർഷത്തെ കാലയളവ് നിശ്ചയിച്ചുറപ്പിക്കാൻ സാധ്യമായത്, ദീർഘകാലത്തെ പരിശ്രമത്തിന്റെ ഫലമായാണ്. എന്നാൽ അഞ്ചു വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ, ജനാഭിലാഷം വിസ്മരിച്ചുകൊണ്ട് രണ്ടാം റ്റേമും കടന്ന് മൂന്നാം റ്റേമിലേക്കും നോമിനേഷൻ നൽകാൻ ഒരുങ്ങിയിറങ്ങുന്നത് കാണുമ്പോൾ, അവരോട് അവജ്ഞയോടൊപ്പം പുച്ഛവും തോന്നുന്നതിൽ സഭാമക്കളെ കുറ്റപ്പെടുത്താൻ സാധിക്കില്ല. ഈ സ്ഥാനത്തിരുന്ന് പത്തു വർഷം കൈവന്ന സ്ഥാനമാനങ്ങളുടെ ലഹരി ആസ്വദിച്ച് കഴിഞ്ഞതുകൊണ്ടാണ് ചില സ്ഥാനികൾ അനേകം അർഹരായവരെ വഴിതടഞ്ഞ് ഉപ്പുതൂണുകളായി നിലകൊള്ളുന്നത്.

പ. ബാവാ തിരുമേനിയുടെയും മെത്രാപ്പോലീത്തന്മാരുടെയും നിർബന്ധത്താലാണ് തങ്ങളുടെ സ്ഥാനാർത്ഥിത്വം എന്ന് പരസ്യമായി പറഞ്ഞു സമ്മതിദായകരെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമങ്ങളും വിലപ്പോകില്ലെന്ന് മനസ്സിലാക്കുക. നിങ്ങൾ സ്ഥാനത്ത് തുടരണമെന്ന് ആഗ്രഹിക്കുന്നത്, നിങ്ങൾക്ക് ചുറ്റും പരാതജീവികളായി കറങ്ങിക്കൊണ്ടിരിക്കുന്ന ചുരുക്കം ചില ഉപഗ്രഹങ്ങൾ മാത്രമാണെന്ന് അറിയുക. മലങ്കരസഭയിലെ ഭൂരിപക്ഷം അതാഗ്രഹിക്കുന്നില്ല. നിങ്ങളുടെ സ്വരം വികലമായിരിക്കുന്നതിനാൽ പാട്ടു നിറുത്താൻ അവർ ആവശ്യപ്പെടുന്നു. പടപ്പുറപ്പാടുമായിറങ്ങിയ ചില സ്ഥാനികൾ ഇതിനോടകം പിൻവാങ്ങിയതായി അറിയുന്നു. എന്നാൽ ചില സ്ഥാനികൾ ഇപ്പോഴും സ്വപ്നങ്ങൾ കണ്ട് നടക്കുന്നു. അവർക്കും ജനാഭിലാഷം അറിഞ്ഞ് പിൻവാങ്ങുവാൻ ഇനിയും സമയമുണ്ടെന്ന് ഓർമ്മിപ്പിക്കട്ടെ.

പുതിയ അസോസിയേഷനിൽ പങ്കെടുക്കുവാൻ പ്രാർത്ഥനാപൂർവ്വം തയ്യാറെടുക്കുന്ന ബഹുമാന്യരായ വൈദികരേ, പ്രതിപുരുഷന്മാരേ, ഒന്നോർക്കുക - മാറ്റങ്ങൾ ഉണ്ടാകുന്നിടത്തേ വളർച്ചയുണ്ടാകൂ. കെട്ടിക്കിടക്കുന്നിടത്താണ് ദുർഗന്ധമുണ്ടാകുന്നത്. ഒഴുക്കുള്ളിടത്തേ ജീവന്റെ തുടിപ്പ് ദർശിക്കാനാകൂ. മലങ്കരസഭയുടെ ഓജസ്സും തേജസ്സും വർദ്ധിപ്പിക്കാൻ കഴിവുള്ള സേവനതല്പരരായ സഭാസ്നേഹികളെ മാനേജിംഗ് കമ്മറ്റി അംഗങ്ങളായും, അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള പ്രഗത്ഭമതികളെ വൈദിക-ആത്മായ സ്ഥാനികളായും തെരഞ്ഞെടുക്കാൻ ആണ് മലങ്കരസഭ നിങ്ങൾക്കു നൽകിയിരിക്കുന്ന സമ്മതിദാനാവകാശം. ഈ ചുമതലാനിർവഹണത്തിൽ നിങ്ങളെ സ്വാധീനിക്കാൻ പലതരം വാഗ്ദാനങ്ങളുമായി നിങ്ങളുടെ മുമ്പിൽ എത്തും. ബാവായുടേയും മെത്രാന്മാരുടേയും അരമനകളിൽ നിന്നോ, ഓഫീസുകളിൽ നിന്നോ 'എന്നു പറഞ്ഞ്' ഫോൺ വിളികൾ എത്തും. പ. ബാവാ തിരുമേനിയ്ക്ക് സഭാമക്കൾ എല്ലാം ഒരുപോലെയാണ്. സഭയുടെ പരമോന്നത പദവി അത്തരം സ്വാധീനങ്ങൾക്ക് ചാഞ്ഞുകൊടുക്കുകയില്ല. നല്ല സ്ഥാനികളെ തെരഞ്ഞെടുക്കാനുള്ള നിങ്ങളുടെ അവകാശത്തിന്മേൽ പ. പിതാവ് ഒരിക്കലും ഇടപെടില്ല. നിങ്ങൾ യുക്തമായി, ബുദ്ധിപൂർവ്വം, പ്രാർത്ഥനയോടെ, സഭയ്ക്ക് പറ്റിയ ആളുകളെ തെരഞ്ഞെടുക്കുക, എല്ലാ പരീക്ഷണങ്ങളേയും അതിജീവിക്കാൻ ജഗദീശ്വരൻ നിങ്ങളെ സഹായിക്കട്ടെ.



**റ്റൈറ്റസ് വർക്കി** (ചീഫ് എഡിറ്റർ)
റിട്ടയാർഡ് സ്ഥാപക പ്രിൻസിപ്പൽ,
കെ. ജി. കോളജ് പാമ്പാടി.

# മലങ്കരസഭാസമിതികളുടെ രൂപവും ഭാവവും ഭാവിയും

**പി. തോമസ്, പിറവം**

**ശരാശരി സഭാംഗത്തിന്റെ നിലവാരം മാത്രമേ ഉള്ളുവെങ്കിലും തങ്ങളെത്തന്നെ യോഗ്യരായി കരുതി, സ്വയം പ്രചാരണം നടത്തി വോട്ടു നേടി ജയിച്ചു വന്നവർ. നിലവിലുള്ള സമിതികളിൽ ഒട്ടേറെയും ഇക്കൂട്ടത്തിൽ പെടും.**

മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടവക ഭദ്രാസന സഭാതലങ്ങളിലെ ഭരണസമിതികളിൽ തെരഞ്ഞെടുക്കപ്പെടുന്നവർ സാധാരണക്കാരെക്കാൾ ആത്മിയനിലവാരവും സമൂഹത്തിൽ നല്ല സാക്ഷ്യവും മാതൃകാജീവിതവും സഭാപരിജ്ഞാനവും ഉള്ളവരായിരിക്കേണ്ടതാണ്. മുമ്പൊക്കെ സ്വന്തം അയോഗ്യതാബോധവും തങ്ങളെക്കാൾ യോഗ്യരായവരാണ് തൽസ്ഥാനങ്ങളിൽ വരേണ്ടതെന്ന ബോദ്ധ്യവും മൂലം മത്സര രംഗത്തേക്ക് വലിയ തള്ളിക്കയറ്റം ഉണ്ടായിരുന്നില്ല. പക്ഷേ രാഷ്ടീയ സാമൂഹ്യരംഗങ്ങളിലെ മൂല്യച്യുതി സഭാരംഗത്തേക്ക് സന്നിവേശിച്ചതിനാൽ സമ്മർദ്ദതന്ത്രം, ഭീഷണി, പണം, രാഷ്ട്രീയസ്വാധീനം, പ്രചാരണം, ഗ്രൂപ്പുപ്രവർത്തനം, കോക്കസുകൾ തുടങ്ങിയവയിലൂടെ അനർഹരായവർ ഭരണസമിതികളിൽ ഇടം കണ്ടെത്തുന്നുണ്ട്. ഇത്തരക്കാരുടെ സ്വാധീനം കൊണ്ട് ലോകത്തിന് അനുരൂപരാകരുതെന്ന ശ്ലൈഹികവചനം മറന്നുകൊണ്ട് സഭ കൂടുതൽകൂടുതൽ ലോകാനുരൂപമായിക്കൊണ്ടിരിക്കുന്നു.

അതുകൊണ്ട് സഭയുടെ വിവിധ ഘടകങ്ങളിൽ ഭരണരംഗത്ത് പ്രവർത്തിക്കുന്നവർ തങ്ങളുടെ നിലവാരം ആത്മിയരംഗത്ത് ഉദ്ദേശിക്കപ്പെടുന്ന മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് സ്വയം വിലയിരുത്തേണ്ടതാണ്. പ്രത്യേകിച്ചും മേൽത്തട്ടിൽ, സഭാമാനേജിംഗ് കമ്മറ്റി പോലുള്ള സമിതികളിലെ അംഗങ്ങൾ, അവരെ സാധാരണക്കാർ മാതൃകായോഗ്യരായി കാണേണ്ടവരും കാണുന്നവരുമാകയാൽ, തീർച്ചയായും സ്വയപരിശോധന നടത്തണം. അടുത്ത അഞ്ചു വർഷത്തേക്ക് സ്ഥാനത്ത് തുടരേണ്ടിയിരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ, സ്വയം വിലയിരുത്തുന്നതിലൂടെ തങ്ങൾ ഏതെങ്കിലും തരത്തിൽ കുറവുള്ളവരെന്ന് ബോദ്ധ്യമായാൽ, അത് തിരുത്തി സ്ഥാനന്യായേനയുള്ള നിലവാരത്തിലേക്ക് വളർന്ന് ചുമതലാനിർവ്വഹണത്തിന് പ്രാപ്തരാകുവാൻ സാദ്ധ്യതയുണ്ട്.

ഇടവകയെയും ഭദ്രാസനത്തെയും സഭയെയും പ്രതിനിധീകരിക്കുവാൻ സാധാരണ വിശ്വാസിയെക്കാൾ എന്ത് അധികയോഗ്യതയാണ് തനിക്കുള്ളതെന്നാണ് ഓരോരുത്തരും വിലയിരുത്തേണ്ടത്.

1. കുടുംബാരാധനയിലും ദേവാലയാരാധനയിലും സജീവവും ആത്മാർത്ഥവുമായ പങ്കാളിത്തമുണ്ടോ?

2. ഇടവകതലത്തിലും സമൂഹത്തിലും ഉത്തമസഭാംഗം എന്ന സാക്ഷ്യം ലഭ്യമാണോ?

3. സണ്ടേസ്കൂൾ മറ്റ് അദ്ധ്യാത്മികപ്രസ്ഥാനങ്ങൾ എന്നിവയുടെ പഠനപരിപാടികൾ യഥാവസരങ്ങളിൽ പ്രയോജനപ്പെടുത്തി സഭാപരിജ്ഞാനവളർച്ച സാധിച്ചിട്ടുണ്ടോ?

4. ഇടവകതലത്തിലും ഭദ്രാസനതലത്തിലും ഉള്ള സഭാസംവിധാനങ്ങളെക്കുറിച്ചും പ്രവർത്തനരീതിയെക്കുറിച്ചും സഭാഭരണഘടനയെക്കുറിച്ചും വേണ്ടത്ര അവബോധമുണ്ടോ?

5. പള്ളിക്കമ്മറ്റിയിലും ഭദ്രാസന ഭരണസമിതിയിലും മലങ്കര അസോസ്യേഷനിലും മാനേജിംങ് കമ്മറ്റിയിലും, തന്നിൽ നിക്ഷിപ്തമായ ചുമതലകളെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും ബന്ധപ്പെട്ട സമിതികളുടെ പ്രവർത്തനരീതികളെക്കുറിച്ചും യഥാർത്ഥജ്ഞാനമുണ്ടോ?

6. സഭയുടെ ഇന്നത്തെ സ്ഥിതിയെ കുറിച്ചും അതിന്റെ പുരോഗതി, ഭാവി എന്നിവയെ കുറിച്ചും സുചിന്തിതമായ ഉൾക്കാഴ്ചയുണ്ടോ?

സഭാസമിതികളിൽ ഇന്ന് അംഗങ്ങളായിരിക്കുന്നവർ വിവിധതരക്കാരാണ്.

1. തങ്ങളുടെ നിസ്വാർത്ഥമായ മാതൃകാജീവിതം, സഭാസേവനം ആദിയായവകൊണ്ട് അംഗീകാരം നേടി തെരഞ്ഞെടുക്കപ്പെട്ടവർ. മറ്റു വിഭാഗങ്ങളിൽ പെടുന്നവരുടെ തള്ളിക്കയറ്റത്താൽ ഇങ്ങനെയുള്ളവർ അംഗുലീപരിമിതമായിരിക്കും.

2. ശരാശരി സഭാംഗത്തിന്റെ നിലവാരം മാത്രമേ ഉള്ളുവെങ്കിലും തങ്ങളെത്തന്നെ യോഗ്യരായി കരുതി, സ്വയം പ്രചാരണം നടത്തി വോട്ടു നേടി ജയിച്ചു വന്നവർ. നിലവിലുള്ള സമിതികളിൽ ഒട്ടേറെയും ഇക്കൂട്ടത്തിൽ പെടും.

3. സഭാപരിജ്ഞാനം വേണ്ടത്ര ഇല്ലെങ്കിലും, സഭാപ്രവർത്തനങ്ങളോട് സഹകരിക്കുന്നവരും സാമ്പത്തികപിന്തുണ നൽകുന്നവരും.

4. സാമൂഹ്യവും സാമ്പത്തികവുമായ ഉന്നതനിലയുള്ളതിനാൽ തന്റെ സഭയിലെ സമിതികളിൽ തങ്ങളുടെ സ്ഥാനം അനിവാര്യമെന്ന് സ്വയം കരുതി മത്സരരംഗത്തു വന്ന് തെരഞ്ഞെടുക്കപ്പെട്ടവർ.

5. സഭാരംഗത്ത് തങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് തങ്ങൾ പ്രവർത്തിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ നേതൃനിരയിലേക്ക് കയറ്റം കാംക്ഷിച്ച് അവിഹിതസ്വാധീനവും സമ്മർദ്ദവും വിലപേശലും മറ്റുംകൊണ്ട് വോട്ടു നേടി തെരഞ്ഞെടുക്കപ്പെട്ട, സഭാപ്രവർത്തനത്തെക്കാൾ മുഴുസമയ രാഷ്ട്രീയപ്രവർത്തനം നടത്തുന്നവർ.

6. നിർണ്ണായകനേരങ്ങളിൽ സഭയുടെ പൊതുതീരുമാനങ്ങൾ തങ്ങളുടെ രാഷ്ടീയപ്രസ്ഥാനങ്ങൾക്കും അതിന്റെ നേതാക്കൾക്കും പ്രയോജനകരമാക്കുന്ന രീതികളിൽ വഴിതിരിച്ചുവിടുവാൻ സഭാസമിതികളിൽ കണ്ണുംപാർത്തിരിക്കുന്ന മുഴുവൻസമയ രാഷ്ട്രീയപ്രവർത്തകർ.

ഒന്നു മുതൽ നാലു വരെയുള്ള വിഭാഗത്തിൽ പെടുന്നവർക്ക് ആത്മാർത്ഥതയോടെ സ്വയപരിശോധന നടത്തി സന്ദർഭത്തിനൊത്തുയർന്ന് തിരുത്തലുകൾ വരുത്തി ഭാവിയിൽ തങ്ങളുടെ ചുമതലകൾ അർത്ഥപൂർണ്ണമായി നിർവ്വഹിക്കുവാൻ കഴിയും; കഴിയണം.

അഞ്ചും ആറും വിഭാഗത്തിലുള്ളവരുടെ ലക്ഷ്യം സഭയുടെ ഉന്നമനമോ ദൗത്യനിർവ്വഹണമോ അല്ലാത്തതിനാൽ സഭാസമിതികളിൽ ചേരിതിരിവിനും പ്രയോജനകരമല്ലാത്ത വിവാദങ്ങൾക്കും മാത്രം ഇടവരും. പലപ്പോഴും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് വേണ്ടതെല്ലാം മുൻകൂർ ആസൂത്രണം ചെയ്ത് ഇക്കൂട്ടർ സമിതികളെ ഹൈജാക്ക് ചെയ്ത് കൊണ്ടുപോകും; സാധാരണ അംഗങ്ങൾ അവരുടെ കെണിയിൽ വീണുപോകയും ചെയ്യും.

സഭാസമിതികളിൽ ഭരണചുമതലയിലുള്ളവരെ ആവശ്യത്തിനും അനാവശ്യത്തിനും എതിർക്കുന്ന ഒരു രീതി കണ്ടുവരുന്നുണ്ട്. പാർലമെന്റ്, നിയമസഭ തുടങ്ങിയ രംഗങ്ങളിൽ ഭരണപക്ഷത്തോട് എതിർക്കുന്ന പ്രതിപക്ഷത്തിന്റെ റോളിലാണ് പല സഭാസമിതിയംഗങ്ങളും പ്രതികരിക്കുന്നത്. രാഷ്ട്രീയരംഗത്തുള്ളവരും അവരോട് അനുഭാവമുള്ളവരും ഇതിന്റെ മുൻനിരയിൽ കാണപ്പെടുന്നുണ്ട്. സഭാദൗത്യനിർവ്വഹണത്തിന് ഇന്നത്തെ പാർലമെന്റും നിയമസഭയും മറ്റും സഭാസമിതികൾക്ക് മാതൃകയാക്കാൻ പറ്റിയവയല്ലെന്ന് നാം തിരിച്ചറിയണം. അവയെ പോലും തിരുത്താൻ പറ്റിയ ലോകത്തിന്റെ ഉപ്പായി തീരുകയാണ് സഭയുടെ ദൗത്യം. സഭയെ അവയുടെ പുളിച്ച മാവ് പുളിപ്പിക്കരുത്.

ഭരണനേതൃത്വത്തിലുള്ളവർ സമിതിയംഗങ്ങളെ വിശ്വാസത്തിലെടുക്കാത്തതും, നടപടികൾ സുതാര്യമല്ലെന്ന് സംശയിക്കുന്ന തരത്തിൽ പെരുമാറുന്നതും, അനാവശ്യതർക്കങ്ങൾക്കും സമിതിയോഗങ്ങളുടെ സമയനഷ്ടത്തിനും ഇടയാകുന്നുണ്ട്. സഭാരംഗം സുതാര്യമാക്കുകയാണ് പോംവഴി. ഭരണരംഗത്ത് ഒന്നും ഒളിക്കുന്നില്ലെന്നും ഒളിക്കേണ്ടതില്ലെന്നും ഉള്ള അവസ്ഥയുണ്ടാകണം.

*(ജോർജിയൻ മിറർ 2012 ഏപ്രിൽ–ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ചതാണ് ഇത്)*

# കാതോലിക്കേറ്റ് ഓഫീസ് ദുരുപയോഗപ്പെടുത്തരുത്

**ഷെല്ലി ജോൺ, കോട്ടയം**

മലങ്കര അസോസിയേഷനു മുന്നോടിയായി ഇടവകകളിൽ നിന്ന് 21 വയസ്സ് പൂർത്തിയായവരുടെ ലിസ്റ്റ് അയച്ചുകൊടുക്കുന്നത് കാതോലിക്കേറ്റ് ഓഫീസിൽ ചിലർ ദുരുപയോഗം ചെയ്യുന്നതായി കാണുന്നത് ദുഃഖകരവും സഭയുടെ ഭാവിയെ സംബന്ധിച്ച് ആശങ്കാജനകവുമാണ്. ഒരു അൽമായ നേതാവ് രാഷ്ട്രീയ നേട്ടങ്ങൾക്കായി ഈ ലിസ്റ്റിലെ വിവരങ്ങൾ ദുരുപയോഗം ചെയ്യുന്നതായിട്ടാണ് പരാതി ഉയർന്നിരിക്കുന്നത്. നിയമസഭാ, ലോകസഭാ മണ്ഡലങ്ങളിൽ എത്ര ഓർത്തഡോക്സ് സഭാംഗങ്ങൾ ഉണ്ടെന്നുള്ള കണക്ക് മേല്പറഞ്ഞ ലിസ്റ്റ് അടിസ്ഥാനമാക്കി ഉണ്ടാക്കുകയും രാഷ്ട്രീയ കക്ഷികളോട് ആ വിവരങ്ങൾ അടിസ്ഥാനമാക്കി വിലപേശുകയുമാണ് ചെയ്യുന്നത്. മലങ്കര മെത്രാപ്പോലീത്താ അടിയന്തിരമായി ഇടപെട്ട് പ്രസ്തുത ലിസ്റ്റ് സീൽ ചെയ്ത് സൂക്ഷിക്കണമെന്നാണ് സഭാവിശ്വാസികൾ ആവശ്യപ്പെടുന്നത്.

മലങ്കര മെത്രാപ്പോലീത്തായുടെ ഓഫീസ് ദുരുപയോഗം ചെയ്ത് സഭാസ്ഥാനികളുടെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിശ്ചയിക്കുവാനും മേല്പറഞ്ഞ അൽമായ നേതാവ് ശ്രമിച്ചതായി വ്യക്തമായ വിവരം പുറത്തുവന്നു കഴിഞ്ഞിട്ടുണ്ട്. മലങ്കര മെത്രാപ്പോലീത്തായെക്കൊണ്ട് വൈദികസെമിനാരി പ്രിൻസിപ്പലിനെ വിളിപ്പിച്ച് 'വൈദികട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിക്കണമെന്ന്' അൽമായ നേതാവിന്റെ സാന്നിധ്യത്തിൽ ആവശ്യപ്പെട്ടതും അതിനായി പ്രലോഭനങ്ങൾ നൽകിയതും തിരഞ്ഞെടുപ്പ് ചട്ടലംഘനമാണെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പദവിയിലിരിക്കുന്ന മലങ്കര മെത്രാപ്പോലീത്താ സുതാര്യമായ തിരഞ്ഞെടുപ്പ് അട്ടിമറിക്കുന്ന തരത്തിൽ പെരുമാറി എന്ന് കേൾക്കുന്നത് തീർത്തും ദുഃഖകരമായിപ്പോയി.

വൈദിക സെമിനാരി പ്രിൻസിപ്പൽ തന്റെ ഔദ്യോഗിക സ്ഥാനത്തിരുന്നുകൊണ്ട് മത്സരരംഗത്തേക്കു വരുന്നത്, ആ സ്ഥാനം ദുരുപയോഗപ്പെടുത്തി വിജയം നേടാനാണെന്ന് സഭാവിശ്വാസികൾ കരുതിയാൽ അതിൽ തെറ്റുപറയാനാവില്ല. ആ ഔദ്യോഗിക സ്ഥാനത്തിരുന്നുകൊണ്ട് മത്സരിക്കാനും, തോറ്റാലും ജയിച്ചാലും സ്ഥാനം രാജി വയ്ക്കേണ്ടതില്ലെന്നുമുള്ള മലങ്കര മെത്രാപ്പോലീത്തായുടെയും അൽമായ പ്രമുഖന്റെയും നിലപാട് സുതാര്യമായി നടക്കേണ്ടുന്ന തിരഞ്ഞെടുപ്പിനെ തങ്ങളുടെ ഇഷ്ടാനുസരണം അട്ടിമറിക്കുവാനുള്ള ശ്രമമായി കാണേണ്ടി വരും. വൈദികട്രസ്റ്റി സ്ഥാനത്തേക്കു മത്സരരംഗത്തുണ്ടായിരുന്ന സെമിനാരി അദ്ധ്യാപകനായ പ്രമുഖ യുവ വൈദികനെ പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫോണിൽ വിളിച്ച് പിന്മാറണമെന്ന് ആവശ്യപ്പെട്ടതും തിരഞ്ഞെടുപ്പ് അട്ടിമറിക്കുള്ള ശ്രമമായി വിശ്വാസികൾ കരുതുന്നു.

ഇത്തരം ജനാധിപത്യ വിരുദ്ധവും ഏകാധിപത്യപരവുമായ നീക്കങ്ങളിൽ നിന്ന് മലങ്കര മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ ഓഫീസും പിന്മാറണമെന്ന് സഭയെ സ്നേഹിക്കുന്ന, സത്യത്തിലും നീതിയിലും മലങ്കരസഭ മുന്നോട്ടു പോകണമെന്ന് ആഗ്രഹിക്കുന്ന സഭാവിശ്വാസികൾ ആവശ്യപ്പെടുന്നു.

# നമുക്കും വേണമൊരു ടാലന്റ് സേർച്ച്...

*(ആറാം പേജിൽ നിന്നും)*

സ്ഥാനാർത്ഥിയോട് സ്വന്തം ഇടവക മെത്രാപ്പോലീത്തായുടെ പേര് ചോദിച്ചപ്പോൾ ഗീവർഗീസ് മാർ ഈവാനിയോസിനെ മാത്യൂസ് മാർ ഈവാനിയോസാക്കിയതായും കേട്ടിട്ടുണ്ട്. ഒരു മഹാനെക്കൊണ്ട് പൗലോസ് ശ്ലീഹാ... ചൊല്ലിക്കാനുള്ള ശ്രമം പരാജയപ്പെട്ടതോടെ ഇടവക മെത്രാപ്പോലീത്താ ഈ പരിപാടി തന്നെ നിർത്തി; ആ വിദ്വാൻ ജയിക്കുകയും ചെയ്തു.

മലങ്കര അസ്സോസിയേഷനിലും മെത്രാസന പൊതുയോഗത്തിലും അംഗമാകാൻ ആഗ്രഹിക്കുന്നവർക്ക് യോഗ്യതാ പരീക്ഷ പിന്നീട് നടപ്പാക്കേണ്ടതുണ്ട്. പലർക്കും ഈ സമിതികൾ എന്താണെന്നുപോലും നിശ്ചയമില്ല. ഒരു ഇടവകയിൽ ഈയിടെ നടന്ന മലങ്കര അസ്സോസിയേഷൻ പ്രതിനിധി തെരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥി ഭദ്രാസന കൗൺസിലേക്ക് എന്നെ തെരഞ്ഞെടുക്കണം എന്നാണ് അഭ്യർത്ഥിച്ചത്. ഏതായാലും എപ്പിസ്കോപ്പൽ സുന്നഹദോസിലേക്ക് മത്സരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞില്ലല്ലോ എന്നാശ്വസിക്കാം. യോഗ്യരായ സ്ഥാനാർത്ഥികളെ പിന്നിലാക്കി അദ്ദേഹവും പുതിയ അസ്സോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് ഏറ്റവും പരിതാപകരം എന്നല്ലാതെ എന്തു പറയാൻ?

അവസാനമായി മാനേജിംഗ് കമ്മറ്റിയിലേക്കുള്ള നാമനിർദ്ദേശത്തെപ്പറ്റി ഒരു വാക്ക്. 1951–ൽ ആകെയുള്ള 81 പേരിൽ 15 പേരെ സമുദായത്തിലെ വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്നതിനും മറ്റുമായി നോമിനേറ്റ് ചെയ്യുകയായിരുന്നു എന്നു കാണുന്നു. ഈ നിലയ്ക്ക് കൈപൊക്കാൻ വേണ്ടി മാത്രമുള്ളതല്ല നാമനിർദ്ദേശം എന്നു വ്യക്തം. സ്ഥാനമൊഴിയുന്ന സഭാ ഭാരവാഹികൾ (കൂട്ടു ട്രസ്റ്റിമാർ, സെക്രട്ടറി), ആത്മീയ സംഘടനകളുടെ അഖില മലങ്കര ഭാരവാഹികൾ (മൂന്നു വർഷത്തിൽ കുറയാതെ കാലാവധി ശേഷിച്ചിരിക്കുന്ന ജനറൽ സെക്രട്ടറിയോ വൈസ് പ്രസിഡന്റോ), സെമിനാരി പ്രിൻസിപ്പൽ/സീനിയർ അദ്ധ്യാപകൻ തുടങ്ങിയവരെ അത്യാവശ്യമായും നാമനിർദേശം ചെയ്യണം. വിവിധ രംഗങ്ങളിൽ പ്രാവീണ്യം തെളിയിച്ചവർക്കാണ് (മെറിറ്റ് സീറ്റ്) പിന്നെ അവസരം നൽകേണ്ടത്. അവരുടെ ഉപദേശം സഭയ്ക്ക് പ്രയോജനപ്പെടുത്താമല്ലോ. ശേഷിച്ച സ്ഥാനങ്ങൾ സഭയ്ക്ക് സാമ്പത്തിക സഹായം നൽകുന്നവർക്ക് (പെയ്മെന്റ് സീറ്റ്) കൊടുക്കുന്നതിൽ തെറ്റില്ല. എല്ലാ സീറ്റും സഭാനേതൃത്വത്തിന്റെ ഇച്ഛാനുസരണം കൈപൊക്കുന്നവർക്കു മാത്രമായി വിൽക്കരുതെന്ന് ചുരുക്കം.

നിർബന്ധമായും നടപ്പാക്കേണ്ട ഒന്നുണ്ട്. ഒരു പ്രാവശ്യമെങ്കിലും ഇലക്ഷനിലൂടെയോ നോമിനേഷനിലൂടെയോ മാനേജിംഗ് കമ്മറ്റിയിലെത്തിയിട്ട് അത്യപൂർവ്വം യോഗങ്ങളിൽ മാത്രം പങ്കെടുത്ത വിദ്വാന്മാരെ കർശനമായും പുറത്തുനിർത്തണം. 75%–ൽ കുറഞ്ഞ ഹാജരുള്ളവരെ അയോഗ്യരാക്കണം. ചരമപേജിൽ സഭാമാനേജിംഗ് കമ്മറ്റിയംഗമായിരുന്നു എന്നു വരാൻ ഒരു ടേം മതി; വെറുതെ സ്ഥലം മിനക്കെടുത്തേണ്ടതില്ലല്ലോ. ❑

**അങ്കക്കാഴ്ചകൾ**

## അച്ചന്മാർക്ക് പുതപ്പ്; തനിക്കു വോട്ട്

ഏതായാലും തക്കസമയത്ത് ഒരു കുഞ്ഞ് ജനിച്ചത് നന്നായി. ഉടനെ പുതിയ മാനേജിംഗ് കമ്മറ്റിയും ജനിക്കും. ശിശുവിന്റെ മാമോദീസാ കെങ്കേമമാക്കിയാലോ. അസോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പായിട്ടില്ല. എന്നാൽ വൈദികരെല്ലാം അസോസിയേഷൻ അംഗങ്ങളായിരിക്കുമല്ലോ. ഒരു ഐഡിയാ! മാമോദീസായക്ക് വൈദികരെയെല്ലാം ക്ഷണിച്ചാലോ. അങ്ങനെയെല്ലാവരെയും ക്ഷണിച്ചു. എല്ലാവർക്കും ഒരോ ഗിഫ്റ്റ് പായ്ക്കറ്റ് നൽകാനും മറന്നില്ല. ഓരോ ബഡ്ഷീറ്റും പില്ലോ കവറും ചേർന്ന ഗിഫ്റ്റ്. ഭദ്രാസനത്തിലെ നാലിൽ കൂടുതൽ സ്ഥാനമോഹികൾ പുതിയ അടവുകൾ ഇറക്കിയാൽ എന്തുചെയ്യുമെന്ന ആശങ്കയിലാണ് വൈദികരും സ്ഥാനാർത്ഥിയും.

**ഫാ. ഡോ. കെ. എം. ജോർജിന്റെ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനം 2009–ൽ മലങ്കര ഓർത്തഡോക്സ് ടി വി യിൽ പ്രസിദ്ധീകരിച്ചതാണ്. ലേഖനത്തിന്റെ സമകാലിക പ്രസക്തി മൂലമാണ് അത് പുനഃപ്രസിദ്ധീകരിച്ചത്. കെ. എം. ജോർജ് അച്ചൻ വിദേശത്തായിരുന്നതിനാലാണ് അച്ചനുമായി പ്രസിദ്ധീകരണ കാര്യം ചർച്ച ചെയ്യാൻ സാധിക്കാതെ പോയത്. – എഡിറ്റർ**

# വോട്ടു തെണ്ടൽ എന്ന മാരണം

മാനേജിംഗ് കമ്മറ്റി സ്ഥാനാർത്ഥികളായി വരുന്നവർ വെരുകിനെപ്പോലെയും പന്തംകണ്ട പെരുച്ചാഴിയെപ്പോലെയും തുടരെ തുടരെ അസോസിയേഷൻ അംഗങ്ങളുടെ ഭവനം സന്ദർശിക്കുന്നതും വീണ്ടും വീണ്ടും ഫോൺകോളുകൾ വഴി ഉറക്കം കെടുത്തുന്നതുമായ പ്രവണതകൾ ഈ പ്രാവശ്യവും വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. സഭയുടെ ജനാധിപത്യ സംവിധാനത്തിൽ പങ്കാളിയായതിനാൽ ഉറക്കം കെടുത്തുന്ന, പ്രലോഭനങ്ങളിൽ (മദ്യമുൾപ്പെടെ) പെടുത്തുന്ന ദോഷകരമായ "വോട്ടു തെണ്ടൽ" വാസ്തവത്തിൽ ഒരു "നൂയിസെൻസ്" ആണെന്നു പറയേണ്ടി വരുന്നു. പല പ്രാവശ്യം സന്ദർശിച്ചിട്ടും തൃപ്തിവരാതെ വീണ്ടും അടുക്കള വാതിൽ കടന്ന് സ്ത്രീകളെ പോലും സ്വാധീനിച്ച് വോട്ട് നേടാൻ തന്ത്രങ്ങൾ മെനയുന്ന സ്ഥാനാർത്ഥികളുടെ ഈ ചാതുര്യവും ദുഃസ്വാധീനവും പലപ്പോഴും വിജയത്തിന് മാനദണ്ഡമായി മാറാറുണ്ട്. മത്സരിക്കുന്നത് മാനേജിംഗ് കമ്മിറ്റിയിലാണെങ്കിലും 'ദേവലോകത്ത്' 'മാനേജ്മെന്റ്' കമ്മിറ്റിക്ക് വോട്ടു ചോദിക്കുന്ന സ്ഥാനാർത്ഥികളും രംഗത്തുണ്ടെന്നാണ് പരസ്യമായ സംസാരം.

**തോമസ് മാത്യു കോഴഞ്ചേരി**

# പത്തും ഗുസ്തീം പള്ളീം

**ഡോ. എം. കുര്യൻ തോമസ്**

**മാർ** ദീവന്നാസ്യോസ് അഞ്ചാമൻ പ്രാരംഭമിട്ട് കേരളത്തിലെങ്ങും വ്യാപിച്ച അടിസ്ഥാന വിദ്യാഭ്യാസ വിപ്ലവം മലയാളത്തിനു സമ്മാനിച്ച പദപ്രയോഗമാണ് *പത്തും ഗുസ്തീം.* കുറഞ്ഞത് പത്താം ക്ലാസുവരെയെങ്കിലും പഠിക്കാത്തവൻ ജീവിതായോധനത്തിന് യോഗ്യനല്ല എന്നാണ് ഇതിന്റെ വ്യംഗ്യം. അടിസ്ഥാന വിദ്യാഭ്യാസത്തെപ്പറ്റിയുള്ള കേരള സമൂഹത്തിന്റെ ഈ ഉയർന്ന നിലവാരത്തിലുള്ള കാഴ്ചപ്പാട് നസ്രാണിയുടെ സൃഷ്ടിയാണ്. ഈ നിലവാരം മുകളിലേയ്ക്കു പടിപടിയായി ഉയർത്തുകയാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ നസ്രാണി ചെയ്തത്. രസകരമായ വസ്തുത, ഉയരാതെ പോയത് നസ്രാണികളുടെ തിരഞ്ഞെടുക്കപ്പെട്ട സമതികളിലെ അംഗങ്ങളുടെ സഭാജ്ഞാന നിലവാരമാണ്. ഉയർന്നില്ലന്നു മാത്രമല്ല കഴിഞ്ഞ മുപ്പതു വർഷത്തിനിടയിൽ ഇതിന്റെ ശരാശരി നിലവാരം ക്രമാതീതമായി താഴ്ന്നുപോവുകയും ചെയ്തു.

അല്മായർക്കായി ഡിഗ്രിതലം വരെയുള്ള ദിവ്യബോധനവും പിൽക്കാലത്ത് ഏർപ്പെടുത്തിയ സണ്ടേസ്ക്കൂൾ പ്ലസ്ടുവും പോകട്ടെ, സാദാ സണ്ടേസ്ക്കൂൾ പത്താം ക്ലാസ് പാസായിട്ടുള്ള എത്രപേർ ഇന്ന് സഭാ സമിതികളിൽ അംഗങ്ങളായുണ്ട്? അന്വേഷിച്ചുപോയാൽ ഉത്തരം ഞെട്ടിക്കുന്നതായിരിക്കും. മറുബാസായ്ക്ക് *കമ്പേക്കുത്തി കുലുക്കുന്ന സാധനം* എന്നു പള്ളി മാനേജിംഗ് കമ്മറ്റിയിൽ വിവരിച്ച അംഗത്തിന്റെയോ അതിലും താഴ്ന്നതോ ആയ സഭാജ്ഞാനനിലവാരമാണ് അത്യുന്നത സമതികളിലെ അംഗങ്ങളിൽ പലരുടേതും എന്നത് രഹസ്യമൊന്നുമല്ല. ഈ നിലവാരത്തകർച്ചയാണ് അനുമോദന-അനുശോചന-പ്രതിഷേധ-ഭക്തി പ്രമേയങ്ങൾ പാസാക്കാൻ മാത്രം സമ്മേളിക്കുന്ന *ബഹളസേന* (Shouting brigade) ആയി മാനേജിംഗ് കമ്മറ്റിയെ അധഃപതിപ്പിച്ചത്. അതേ നിലവാരത്തകർച്ചയാണ് മാന്യന്മാർ അവിടെനിന്നും അകന്നുനിൽക്കാൻ പ്രേരകമാകുന്നതും.

ഇന്ന് സഭയിലൂടെ സ്വയം *രാജ്യവും ശക്തിയും മഹത്വവും* ഉണ്ടാക്കാനാണ് മിക്കവരും സഭാ സമിതികളിൽ കയറിപ്പറ്റുന്നത്. പ്രശസ്തി, പണം, രാഷ്ട്രീയ സ്ഥാനങ്ങൾ ... അങ്ങിനെ തികച്ചും ഭൗതീകമായ നേട്ടങ്ങൾ മാത്രമാണ് ഇവരുടെ ലക്ഷ്യം. മറ്റു യാതൊരു മാർഗ്ഗത്തിലും ഇവ ലഭ്യമാകാനിടയില്ലാത്തവർ സഭാ സമതികളെ ഇതിന് കളമാക്കുന്നു. ഈ ചവിട്ടുനാടകത്തിൽ നശിക്കുന്നത് സഭയും. പക്ഷേ മുൻകാലങ്ങളിൽ അങ്ങിനെ അല്ലായിരുന്നു. സ്വന്ത നിലയിൽ പേരും പ്രശസ്തിയുമുണ്ടാക്കിയ പ്രഗൽഭരാണ് സഭാ സമതികളിൽ എത്തിയിരുന്നത്. ഉദാഹരണത്തിന് 1911 എടുക്കാം. ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കിൽ, പത്രാധിപർ കെ. സി. മാമ്മൻ മാപ്പിള, കന്നുകുഴിയിൽ കുരുവിള എൻജിനിയർ, മഴുവഞ്ചേരിപറമ്പത്ത് എം. എ. ചാക്കോ സൂപ്രണ്ട്, പ്രിൻസിപ്പാൾ എം. എ. വർക്കി, ചാലി കോര, പള്ളിക്കര സി. പി. തരകൻ, പള്ളിക്കൂടം ഇൻസ്പക്ടർ റാവുസാഹിബ് ഒ. എം. ചെറിയാൻ ... തുടങ്ങിയവരാണ് സഭയുടെ ആലോചനക്കാർ. ഇവരൊക്കെ സ്വന്തം നിലയിൽ പേരും പ്രശ്സ്തിയും നേടിയവരാണ്. സഭയുടെ ചിലവിൽ അവ സംഘടിപ്പിക്കാൻ കടന്നുവന്നവരല്ല. വീരരാഘവയ്യരുടെ കുപ്രസിദ്ധമായ ഹൈക്കോടതി വിധിക്കെതിരെ കോർട്ടലക്ഷ്യത്തെ ഭയക്കാതെ തന്റെ ഭാവിയും, ജീവൻപോലും പണയംവെച്ച് *മലയാള മനോരമ*യിൽ മുഖപ്രസംഗമെഴുതിയ കെ. സി. മാമ്മൻ മാപ്പിള ഈ സമതികളിലെ പുതിയ തലമുറയ്ക്ക് അജ്ഞാതനാണ്. *മോശയുടെ സിഹാസനത്തിൽ കയ്യാപ്പ ഇരിക്കുന്നു* എന്നു ഇന്നത്തെ സ്ഥിതിയെ ചുരുക്കി പറയാം.

സഭാസമതികളിലേയ്ക്കുള്ള അടിസ്ഥാന യോഗ്യത സണ്ടേസ്ക്കൂൾ പത്താം ക്ലാസ് എന്നു നിശ്ചയിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിർബന്ധമായും ഉടൻതന്നെ നോമിനേറ്റഡ് അംഗങ്ങൾക്ക് ഇതു ബാധകമാക്കണം. അതിനു ഭരണഘടനാ ഭേദഗതിയൊന്നും ആവശ്യമില്ല.

# വെറുമൊരു മസിൽപിടുത്തത്തിനുവേണ്ടി....

**പ്രൊഫ. എം. റ്റി. മാത്യു (റിട്ട. പ്രൊഫ. കാതോലിക്കേറ്റ് കോളജ്)**

**എന്നോടു നേരിട്ടു സംസാരിക്കുകയോ, കാണുകയോ ചെയ്തിട്ടില്ലാത്ത ആളിനു വോട്ടു നൽകുവാൻ ഞാൻ തയ്യാറായത് ആ സ്ഥാനത്തിനു പ്രസ്തുത ആൾ യോഗ്യനാണെന്നുള്ള ബോധ്യത്തിനാലാണ്. എന്നെപ്പോലെ വിലയിരുത്തിയവർ വോട്ടു നൽകി പ്രസ്തുത ആളിനെ തെരഞ്ഞെടുത്തു എന്നുള്ളതും വസ്തുതയാണ്. വലിയ ജനകീയരെയല്ല ഇവിടെ ആവശ്യം; കാര്യവിവരമുള്ളവരെയാണ്.**

ജനഹിതപരിശോധനകൾ വന്നുപോയി. ഭരണാധികാരികൾ മാറി. പുതിയ ഭരണകൂടം അധികാരസ്ഥാനത്തു കുടിയേറി. പുതിയ പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ അരങ്ങേറി. ജനങ്ങൾ അവയോട് ആനുകാലികമായി പ്രതികരിച്ചു. എന്നാൽ നൂറ്റാണ്ടുകളുടെ പഴക്കവും പാരമ്പര്യവും ക്രിസ്തുശിഷ്യ പിൻഗാമിത്വവും അവകാശപ്പെടുന്ന ഓർത്തഡോക്സ് സഭയുടെ നാനാതലങ്ങളിലുള്ള പ്രതികരണവും പ്രതിഫലനവും തഥൈവ.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പുതിയ ഒരു അദ്ധ്യായത്തിനു കൂടി ആരംഭം കുറിക്കുന്നതിനായുള്ള കല്പന പുറപ്പെടുവിക്കപ്പെട്ടു കഴിഞ്ഞു. സ്ഥാനമോഹികളും തല്പരകക്ഷികളും തങ്ങളുടെ പ്രയാണപരമ്പര ആരംഭിക്കുകയുണ്ടായി. ഒന്നിലധികം തവണ ഒരു ഇടവകയുടെ പ്രതിനിധിയായും (നിലവിലുള്ള അസോസിയേഷനിലും പ്രതിനിധി) ചില സന്ദർഭങ്ങളിൽ ഔദ്യോഗിക നിർവ്വഹണത്തിന്റെ ചുമതലയിലും അസോസിയേഷൻ സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചതിൽ നിന്നുള്ള അനുഭവങ്ങൾ ഇപ്രകാരം എഴുതുവാൻ പ്രേരണ നൽകിയിരിക്കുന്നു.

ഇടവകയിൽ നിന്നും അസോസിയേഷനിലേക്കുള്ള പ്രതിനിധികളെ കണ്ടെത്തുവാനുള്ള പ്രക്രിയ ആരംഭിക്കുമ്പോൾ മുതൽ ചില കരുനീക്കങ്ങൾ തുടങ്ങുകയായി. പല ഇടവകകളിലും മത്സരബുദ്ധ്യാ ആളുകൾ മുന്നിട്ടു വരികയും വോട്ടെടുപ്പു തുടങ്ങിയ തെരഞ്ഞെടുപ്പു പ്രക്രിയകളും നടത്തപ്പെടുന്ന അവസ്ഥ വരെ സംജാതമാവുകയും ചെയ്യപ്പെടുന്നു. ഇടവകതലത്തിലോ ഭദ്രാസനതലത്തിലോ സഭാതലത്തിലോ യാതൊരുവിധ പ്രതിബദ്ധതയും സാധിച്ചെടുത്തിട്ടില്ലാത്തവരും പ്രതിനിധിസ്ഥാനം കൈവശമാക്കപ്പെടുന്നു. സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പ്രവർത്തനമേഖല എന്തെന്ന കാര്യത്തിൽ പലരും അജ്ഞരുമാണെന്നുള്ളതു മറ്റൊരു പരമാർത്ഥം. പ്രതിനിധി സ്ഥാനത്ത് ഒരു തവണ വന്നവർ വീണ്ടും ആ സ്ഥാനത്തേക്ക് വരരുത് എന്നു ചിലർക്ക് അതിയായി വാശി ഉണ്ടാകുന്നതും, മറ്റുള്ളവർക്കു കൂടി അവസരങ്ങൾ നൽകണമെന്നുള്ള ചിന്താഗതിയും ന്യായീകരിക്കുമ്പോൾ 'അർഹത, യോഗ്യത' എന്നുള്ളവയുടെ പര്യായം പോലും കണ്ടെത്തുവാൻ സാധിക്കാതെയുള്ള 'പ്രതിനിധി' തെരഞ്ഞെടുപ്പു നടന്നു കാണുന്നു. കാരണം, സഭാ മാനേജിംഗ് കമ്മിറ്റിയിലേക്കു മത്സരിക്കുന്നവർ വോട്ടു ചോദിച്ചു വരുമ്പോൾ ഒരു 'മസിൽ പിടുത്തം' നടത്തുവാനും, ആവശ്യമെങ്കിൽ ചിലരെയെങ്കിലും തേജോവധം ചെയ്യുവാനുമുള്ള (ധനാഗമനം ഉള്ളതായി മനസ്സിലാകുന്നില്ല) അവകാശപത്രികയായി പ്രതിനിധിസ്ഥാനം ചിലർ ഉപയോഗിച്ചു വരുന്നുണ്ടെന്നുള്ളത് പരസ്യമായ രഹസ്യമാണ്.

മുമ്പൊക്കെ, സഭാനേതൃത്വതലത്തിലുണ്ടാകുന്ന പരാജയത്തെപ്പറ്റി പ്രതികരിക്കുവാനും പരാതിപ്പെടുവാനും പ്രബുദ്ധരായ സഭാമക്കൾ ഉണ്ടായിരുന്നു. അത്തരം സന്ദർഭങ്ങളിൽ ആരോഗ്യകരമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ നേതൃനിരയിൽ ഉള്ളവരും തയ്യാറാകുമായിരുന്നു. പ്രതികരണശേഷി നഷ്ടപ്പെട്ട ജനസമൂഹത്തിന്റെ മുമ്പിൽ ഏതുതരത്തിലുമുള്ള നികൃഷ്ട പ്രവർത്തനങ്ങളും നടത്താമെന്നുള്ള മിഥ്യാ ചിന്തകളാണ് ഈവിധമായ ബ്ലാക്ക്മെയിലിംഗിനു ചിലർക്കെങ്കിലും ധൈര്യം നൽകുന്നത്.

സഭാ മാനേജിംഗ് കമ്മിറ്റി അംഗപദവി പലരും മുന്നമേ സ്വപ്നം കണ്ടു തുടങ്ങിയതാണെന്നുള്ള വസ്തുതയും മനസ്സിലാക്കുന്നതിനു പ്രയാസമില്ല. ആണ്ടു കുമ്പസാരവും, മാസവരി കുടിശിഖ നിവാരണവും കൈവരിച്ച്, ഇടവക പൊതുയോഗ പങ്കെടുക്കലിനു ലഭിക്കുന്ന അവകാശം, സഭാമാനേജിംഗ് കമ്മിറ്റിയിലേക്ക് മത്സരിക്കുന്നതിനുള്ള മിനിമം യോഗ്യതയും പരിഗണിക്കപ്പെടുമ്പോൾ സ്ഥാനാർത്ഥികളുടെ സംഖ്യ മുൻ വർഷങ്ങളേക്കാൾ വർദ്ധിച്ചാൽ അതിലും രോഷം കൊള്ളേണ്ടതായ കാര്യമില്ല. സഭാ മാനേജിംഗ് കമ്മിറ്റിയിൽ അംഗമായാൽ സഭയ്ക്കുവേണ്ടി ഏതെല്ലാം മേഖലകളിൽ തങ്ങളുടെ ശേഷിയും ശേമുഷിയും വിനിയോഗിക്കുവാൻ സാധിക്കുമെന്നുള്ള ഒരു അവലോകനത്തിനു മുമ്പിൽ നല്ല ഒരു ശതമാനം സ്ഥാനാർത്ഥികളും പിൻവലിയേണ്ടി വരും എന്നുള്ളതും യാഥാർത്ഥ്യമായി അവശേഷിക്കുന്നു. വെറും സ്ഥാനമാനങ്ങൾക്കുവേണ്ടിയും ഒരു പക്ഷേ ധനാഗമനമാർഗ്ഗമായും സഭയുടെ ഔദ്യോഗിക സ്ഥാനം ദുർവിനിയോഗം ചെയ്യുന്നുവെന്നു സാധാരണ ജനങ്ങൾ സംശയം പ്രകടിപ്പിച്ചാൽ, സാദൂകൃപക്ഷമെന്നോ പരീശപക്ഷമെന്നോ പരിഹസിക്കുവാൻ, ഇക്കൂട്ടർ വ്യഗ്രത കാണിക്കുവാൻ മിനക്കെടുന്നു. ഒരിക്കൽ ലഭിച്ചുപോയ സ്ഥാനം, ജീവിതാന്ത്യം വരെയും മറ്റാർക്കും കൈമാറിക്കൂടാ എന്നുള്ള ചിന്താഗതിക്ക്, ഒരു ഇടവക മെത്രാപ്പോലീത്താ പങ്കിട്ട അനുഭവം ഉത്തരം നൽകും. ഒരു സായംസന്ധ്യയിൽ അരമനയിലേക്കു കടന്നുവന്ന ഒരു സഭാംഗം തിരുമേനിയോടു ആവലാതി അറിയിച്ചു. 'തിരുമേനി... കഴിഞ്ഞ 25 വർഷമായി ഇടവക മാനേജിംഗ് കമ്മിറ്റി അംഗമായി തുടരുന്ന തന്നെ, ആ വർഷത്തെ ഇടവക പൊതുയോഗം തെരഞ്ഞെടുത്തില്ല' എന്നതായിരുന്നു സങ്കടഹർജി. ഒരു പരിഹാസചിരിയോടെ തിരുമേനി പരിഹാരം നിർദ്ദേശിച്ചു. 'താങ്കൾ ബഹു മിടുക്കനാണല്ലോടോ, തന്നെ ശരിക്കു മനസ്സിലാക്കുവാൻ ഇടവകക്കാർ 25 വർഷമെടുത്തു. ഒരു വർഷം ക്ഷമിക്ക്. അടുത്ത വർഷം ഇടവകപൊതുയോഗത്തിൽ ശ്രമിച്ചുനോക്കുന്നതാ നല്ലത്.' തനിക്കു ശേഷം നോഹയുടെ കാലം ആവർത്തിക്കുമോ? എന്നുള്ള ആശങ്കയാണ് ഇത്തരക്കാർ പ്രചരിപ്പിക്കുന്നത്. ഈ വ്യവസ്ഥിതിക്ക് ഒരു അവസാനവുമില്ലേ?

ഇടവകയിൽ നിന്നും പ്രതിനിധികളായി വരുന്നവരോ, ഔദ്യോഗികസ്ഥാനത്തിനായി പോരാടുന്നവരോ, ഇടവകയിലും സഭയിലും എന്തെങ്കിലും പ്രവർത്തനം നടത്തുകയോ ഫലപ്രദമായ എന്തെങ്കിലും നന്മ നൽകുകയോ ചെയ്തിട്ടുണ്ടോ എന്നുള്ളതും സംശയം ജനിപ്പിക്കുന്ന വസ്തുതകളാണ്. വോട്ടു ചോദിക്കുന്നവരും, വോട്ടു നൽകുവാൻ തയ്യാറാകുന്നവരും സഭയുടെ പരമാധികാര സഭയിലേക്കു തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സഭയുമായുള്ള ബന്ധം പരിശോധിക്കാറില്ല. സണ്ടേസ്കൂൾ അദ്ധ്യാപകരായോ, യുവജനനേതൃത്വത്തിലോ, പ്രാർത്ഥനായോഗ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന, പ്രവർത്തിച്ചിട്ടുള്ള എത്ര ആളുകൾ നേതൃനിരയിലേക്കു തെരഞ്ഞെടുക്കപ്പെടാറുണ്ട് എന്നുള്ളതും പരിശോധിക്കേണ്ട സംഗതിയാണ്. ഭരണസമിതിയിലേക്കു മത്സരിച്ചു ജയിച്ച ഒരംഗത്തിന്റെ അനുഭവം ഇപ്രകാരമായിരുന്നുവെന്ന് അനുസ്മരിക്കട്ടെ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാനാർത്ഥി എല്ലാ പ്രതിനിധികളേയും നേരിൽ കാണുവാൻ ശ്രമിച്ചുവെങ്കിലും ചിലരെ മനഃപ്പൂർവ്വമല്ലെങ്കിലും നേരിൽ കാണുവാനോ ബന്ധപ്പെടുവാനോ സാധിച്ചില്ല. തെരഞ്ഞെടുപ്പു ദിവസം പ്രഭാതം. സമ്മേളനനഗരിയുടെ കവാടത്തിൽ സ്ഥാനാർത്ഥികൾ പ്രതിനിധികളെ അഭിവാദ്യം ചെയ്യുന്നു. കാറിൽ വന്നിറങ്ങിയ പ്രതിനിധിയെ അഭിവാദ്യം ചെയ്യുവാനായി മുമ്പോട്ടുചെന്ന സ്ഥാനാർത്ഥിയെ അർത്ഥഗർഭമായി നോക്കിക്കൊണ്ട് ആ പ്രതിനിധി ചോദ്യശരങ്ങൾ ഒന്നിനു പിറകേ ഒന്നായി എയ്തു വിട്ടു. താങ്കൾ എത്ര തവണ എന്നെ വന്നു കണ്ടു? എത്ര തവണ എന്റെ വീട്ടിൽ വന്നു? എത്ര തവണ ഫോൺ ചെയ്തു? ആരെയെല്ലാം കൊണ്ടു ശുപാർശ ചെയ്യിച്ചു? ഇവ യാതൊന്നും ചെയ്യാൻ സാധിക്കാതെപോയ സ്ഥാനാർത്ഥി പന്തികേടു മനസ്സിലാക്കി, മുൻപരിചയമുള്ള മറ്റൊരു പ്രതിനിധിയെ ലക്ഷ്യമാക്കി നടന്നു നീങ്ങി. വലിയ പരുക്കേൽക്കാതെ രക്ഷപെട്ട സ്ഥാനാർത്ഥി വിജയിച്ചുവെന്നതു പരമാർത്ഥം.

എല്ലാ പ്രതിനിധികളും ഈ വിധത്തിൽ സ്ഥാനാർത്ഥികളെ വിലയിരുത്തി യാണു വോട്ടു ചെയ്യുന്നതെങ്കിൽ അതിനുള്ള അവകാശമാണോ ഇടവക പൊതുയോഗം പ്രതിനിധികൾക്കു നൽകുന്നത്? തങ്ങളെ സന്ദർശിച്ചതിന്റെ കണക്കും വിളിച്ച ഫോൺകോളുകളുടെ എണ്ണവും ശുപാർശ ചെയ്തവരുടെ മഹിമയും നോക്കി വോട്ടു ചെയ്യുമ്പോൾ അർഹരേക്കാൾ ഉപരി അനർഹർ ഭദ്രാസന കൗൺസിലിലും സഭാ മാനേജിംഗ് കമ്മിറ്റിയിലും പ്രവേശനം നേടുന്നതിൽ ആശങ്കപ്പെട്ടിട്ടു കാര്യമില്ല. പ്രതിനിധിയായിട്ടുള്ള ഞാൻ വോട്ടു നൽകിയതിനെപ്പറ്റി ചിന്തിക്കുമായിരിക്കും. എന്നോടു നേരിട്ടു സംസാരിക്കുകയോ, കാണുകയോ ചെയ്തിട്ടില്ലാത്ത ആളിനു വോട്ടു നൽകുവാൻ ഞാൻ തയ്യാറായത് ആ സ്ഥാനത്തിനു പ്രസ്തുത ആൾ യോഗ്യനാണെന്നുള്ള ബോധ്യത്തിനാലാണ്. എന്നെപ്പോലെ വിലയിരുത്തിയവർ വോട്ടു നൽകി പ്രസ്തുത ആളിനെ തെരഞ്ഞെടുത്തു എന്നുള്ളതും വസ്തുതയാണ്. വലിയ ജനകീയരെയല്ല ഇവിടെ ആവശ്യം; കാര്യവിവരമുള്ളവരെയാണ്.

ക്രിസ്തുശിഷ്യൻ, മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിത്വം അവകാശപ്പെടുന്ന, കേരളത്തിലെ പുരാതന സഭയായ മലങ്കര ഓർത്തഡോക്സ് സഭയുടെ ഇത്തരത്തിലുള്ള പ്രവണത മൂല്യശോഷണത്തിലേക്കുള്ള വാതിൽ തുറക്കുന്നതിനുള്ള മുഖാന്തരം ആയിത്തീരുന്നതിൽ ആകുലപ്പെട്ടിട്ടു കാര്യമില്ല. ആദ്ധ്യാത്മിക അധഃപതനത്തിനുള്ള കാരണവും, ആയതിനുള്ള പരിഹാരവും തേടുന്ന പുതുതലമുറ, ലക്ഷ്യം കാണാതെ 'സ്വർഗ്ഗീയ വിരുന്നിലും' ബോൺ എഗേൻ സങ്കേതത്തിലും സമാശ്വാസം കണ്ടെത്തുന്നതിൽ അവരെ കുറ്റപ്പെടുത്തുവാൻ സാധിക്കുകയില്ല.

സഭാചരിത്രം അറിയാവുന്നവർ, പുലിക്കോട്ടിൽ തിരുമേനിയും വട്ടശ്ശേരിൽ തിരുമേനിയും പരുമല തിരുമേനിയും സഭയുടെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് കണ്ണുനീരോടെ യാമപ്രാർത്ഥന നടത്തിയ ദിനരാത്രങ്ങളെ വിസ്മരിക്കുകയില്ല. പുണ്യശ്ലോകരായ തിരുമേനിമാരുടെ കണ്ണുനീർ വീണു വിശുദ്ധമായ സ്ഥലങ്ങളിൽ കയറി വിലസുന്ന ഇത്തരക്കാരുടെ പാദത്തിന്റെ തൊലിക്കട്ടി എന്തെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

കർത്തൃസന്നിധിയിൽ ആ പുണ്യപിതാക്കന്മാർ ഇന്നും മുട്ടിന്മേൽ നിന്നു കണ്ണുനീരോടെ പ്രാർത്ഥിക്കുന്നില്ലേ....

'പിതാവേ കഴിയുമെങ്കിൽ ഈ സ്ഥാനമോഹികളായ ആദ്ധ്യാത്മിക അധമന്മാരുടെ കൈയിൽ നിന്നും വിശുദ്ധ സഭയെ രക്ഷിക്കേണമേ...' ആമ്മീൻ.

❑

## അപ്പോസ്തോലിക ...

*(ഒന്നാം പേജിൽ നിന്നും)*

പുലർത്തിയാൽ ആത്യന്തികമായി അത് അംഗീകരിക്കപ്പെടും.

സഭയുടെ ഉന്നതാധികാര സമിതിയായ മാനേജിംഗ് കമ്മിറ്റിയിലേക്കും, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നീ സ്ഥാനങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പാണ് 2017 മാർച്ച് ഒന്നിന് നടക്കുന്നത്. അവരെ തെരഞ്ഞെടുക്കുവാനുള്ള അവകാശം മലങ്കരസഭയുടെ എല്ലാ ഇടവകകളിൽ നിന്നും തിരഞ്ഞെടുത്ത് അയയ്ക്കപ്പെടുന്ന അസോസിയേഷൻ അംഗങ്ങൾക്കാണ്. അടുത്ത അഞ്ചു വർഷത്തേക്ക് സഭയുടെ പ്രവർത്തനങ്ങൾക്കു ദിശാബോധം വരുത്തുന്നവരും കാര്യക്ഷമത സാധ്യമാക്കുന്നവരുമായ ഉത്തമ വ്യക്തികളെയാണ് തിരഞ്ഞെടുക്കേണ്ടത്. സ്ഥാനമോഹികളും, അധികാരപ്രമത്തരും, സ്വാർത്ഥതാല്പര്യക്കാരുമായ വ്യക്തികളെ ഒഴിവാക്കണം. അവർ എത്രതന്നെ പ്രചരണ കോലാഹലങ്ങൾ നടത്തിയാലും തത്വാധിഷ്ഠിതമായ ഒരു സമീപനമാണ് അംഗങ്ങൾ പുലർത്തേണ്ടത്. സഭയിലെ പ്രഥമ തിരഞ്ഞെടുപ്പിലെ മാനദണ്ഡങ്ങൾ ഇന്നും പ്രസക്തമാണെന്ന് ഓർത്തുകൊണ്ടു പ്രവർത്തിക്കുവാൻ ഉത്തരവാദപ്പെട്ടവർക്ക് ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

❑

**ഒന്നാം ചരമ വാർഷികം**

**(16-11-2016)**



**Fr. M. C. George Mundaplammoottil**

*Cheeranchira, Changanacherry*

*Inserted by*

***Sujatha George, Seba George, Alexin George***

# ഒരു മാനേജിംഗ് കമ്മിറ്റിയംഗത്തിന്റെ അഞ്ചു വർഷത്തെ അനുഭവം

## പി. എസ്. തോമസ് ചെന്നൈ

### (സഭാ മാനേജിംഗ് കമ്മിറ്റിയംഗം)

മലങ്കര അസോസിയേഷൻ 2017 മാർച്ച് ഒന്നിനു കൂടുകയാണല്ലോ. 2017-2022 ലേക്കുള്ള വൈദിക ട്രസ്റ്റി, അൽമായ ട്രസ്റ്റി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിനു ഇടവകകളിൽ ശക്തിയേറിയ മത്സരങ്ങൾ എല്ലാം കഴിഞ്ഞു. ഇനിയും അരങ്ങു മാനേജിംഗ് കമ്മിറ്റി സ്ഥാനാർത്ഥികളുടെ രംഗപ്രവേശം തന്നെ.

എന്തിനാണ് ഇത്രമാത്രം ഇതിനു പ്രാധാന്യം നൽകുന്നത് എന്നത് (ഒരിക്കൽ അനുഭവിച്ചറിഞ്ഞതിനാൽ ഇനിയും മേലിൽ ഈ രംഗത്തേക്ക് ഇല്ല) ഞാൻ ആലോചിച്ചു പോകുന്നു. ഒരു മാനേജിംഗ് കമ്മിറ്റി അംഗത്തിന് എന്തെങ്കിലും അധികാരം ഉണ്ടോ? ഇല്ല എന്ന് തന്നെ പറയാം. എന്തെങ്കിലും തീരുമാനം എടുക്കുന്നതിനുള്ള അവകാശം ഉണ്ടോ അഥവാ തീരുമാനം എടുത്താൽ അത് നടപ്പിലാക്കുന്നതിനു സാധിക്കുമോ? വർഷത്തിൽ രണ്ടു പ്രാവശ്യം കൂടി ബജറ്റ്/കണക്ക് ഇവ പാസ്സാക്കുക. 500 കോടിയുടെ ബജറ്റ്/അക്കൗണ്ട്സ് പാസ്സാക്കി എന്ന് മീഡിയകളിൽ വരുന്നു. പക്ഷേ യഥാർത്ഥത്തിൽ മാനേജിംഗ് കമ്മിറ്റിക്കു ചർച്ച ചെയ്തു പാസ്സാക്കാനുള്ള അധികാരം കാതോലിക്കാനിധി പിരിവ് വിഹിതത്തിൽ ലഭിക്കുന്ന വരവ് ചിലവുകൾ മാത്രം (ഏകദേശം 7 കോടി). ഇതിനു കേവലം 10 മിനിറ്റ് മാത്രം മതി. ഇതിനും ഒരു വിലക്കുണ്ട്. "ഏതെങ്കിലും സംഗതിക്ക് മലങ്കര ഇടവകയുടെ പണം ചെലവാക്കേണ്ടിയിരുന്നാൽ മലങ്കര എപ്പിസ്ക്കോപ്പൽ സിനഡിന്റെ ഭൂരിപക്ഷവും മാനേജിംഗ് കമ്മിറ്റിയിലെ മേല്പട്ടക്കാർ ഒഴിച്ചുള്ള ശേഷം അംഗങ്ങളുടെ ഭൂരിപക്ഷവും യോജിക്കേണ്ടതാകുന്നു" (സഭാ ഭരണഘടന, 83-ാം വകുപ്പ്). അതായത് മാനേജിംഗ് കമ്മിറ്റി പാസ്സാക്കിയാലും സുന്നഹദോസിന്റെ അംഗീകാരമില്ലെങ്കിൽ അതും നടപ്പില്ല. മെത്രാന്മാരുടെ സ്ഥലംമാറ്റം മാനേജിംഗ് കമ്മിറ്റി ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കി. പിന്നീട് എന്തു സംഭവിച്ചു?

ചെങ്ങന്നൂർ ഭദ്രാസനത്തിലെ അഭിവന്ദ്യ തിരുമേനി 'ബഥേൽ പത്രിക'യിൽ എഴുതിയ ഒരു ലേഖനം (ബഥേൽ പത്രിക, 2012 ജനുവരി) ഇപ്പോൾ പ്രചരിക്കുന്നു. ഒരു ചോദ്യം എങ്കിലും ചോദിക്കാൻ കഴിവില്ലാത്തവർ മത്സരിക്കരുത് എന്നാണ് അതിൽ പറയുന്നത്. ലോകത്തിലെ ഏറ്റവും വലിയ തമാശ തന്നെ ഇത്. മാനേജിംഗ് കമ്മിറ്റിയിൽ തെരഞ്ഞെടുക്കപ്പെട്ട 43 പട്ടക്കാരും 86 അയ്മേനികളും നോമിനേറ്റു ചെയ്ത മുപ്പതു പേരും ചേർന്ന് 159 അംഗങ്ങൾ ഓരോ ചോദ്യം ചോദിച്ചാൽ (ഒരാൾക്ക് 5 ചോദ്യം ചോദിക്കാം) എത്ര സമയം എടുക്കുമെന്ന് ആലോചിച്ചു നോക്കുക. ഒരു ചോദ്യം ചോദിക്കുന്നതിന് കുറഞ്ഞത് 5 മിനിറ്റ് എന്നു കണക്കാക്കിയാൽ തന്നെ 15 മണിക്കൂർ (non stop) വേണ്ടി വരും. അങ്ങനെ ഒരു യോഗം നടക്കണമെങ്കിൽ കുറഞ്ഞത് 3 ദിവസം എങ്കിലും വേണം. അത് പോകട്ടെ. ചോദ്യങ്ങൾ ചോദിക്കാൻ വരുന്ന ആളിനെ (all questions are Screened by a committee) ഏറ്റവും വലിയ ശത്രുവിനെപ്പോലെയാണ് കാണുന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലം ഞാൻ ഇത് അനുഭവിച്ചതാണ്. ചോദ്യങ്ങൾ ചോദിക്കുന്ന അംഗങ്ങളെ കാണുന്നത് തന്നെ ഒരു അലർജി ആണ്. അതെ, ഒരു ശല്യക്കാരൻ. സാധാരണ അംഗങ്ങൾക്ക് ഉപചോദ്യം ചോദിക്കാൻ ഏതു വേദിയിലും അവകാശം ഉണ്ട്. ഇവിടെ അതല്ല സ്ഥിതി. മൈക്കിനു മുമ്പിൽ ചെന്ന് ചോദ്യം (മുൻകൂട്ടി അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തത്) വായിച്ചിട്ടു തിരിച്ചു പോകുക. അതിനെ സംബന്ധിച്ചു യാതൊന്നും പിന്നെ പറയാൻ പാടില്ല. ഇതാണ് മാനേജിംഗ് കമ്മിറ്റിയിൽ നടക്കുന്ന ജനാധിപത്യം.

ഇതിനുവേണ്ടിയാണോ ഇത്രയും പണവും സമയവും ചിലവഴിക്കുന്നത്? വളരെ പ്രതീക്ഷയോടെ ആണ് ഞാൻ മാനേജിംഗ് കമ്മിറ്റിയിൽ പോയത്. എന്റെ ഒരു ആഗ്രഹം ആയിരുന്നു അത്. പക്ഷേ, അവിടെ ചെന്ന് കഴിഞ്ഞപ്പോൾ സഭയെകുറിച്ചുള്ള എന്റെ പ്രതീക്ഷകൾ മുഴുവൻ തകർന്നു. ❑

# 'അരിയെത്ര?' 'പയറഞ്ഞാഴി'

## കോശി മത്തായി, കടമ്പനാട്

**ഭരണഘടന (വകുപ്പ് 81) നിർബ്ബന്ധിക്കുന്നതുകൊണ്ട് മാത്രം മാനേജിംഗ് കമ്മിറ്റി ആണ്ടിൽ രണ്ടു തവണ കൂടി 'ഏമ്പക്കത്തിന്റെ അകമ്പടിയോടു കൂടിയ ഉച്ചസദ്യയോടെ' പിരിയുകയാണ് പതിവ്.**

മാനേജിംഗ് കമ്മിറ്റിയിൽ ചോദ്യം ചോദിച്ചാൽ കിട്ടുന്ന മറുപടിയുടെ സ്ഥിതിയിതാണ്. സെക്രട്ടറിക്ക് അനഭിമതരായവരുടെ കാര്യം മാത്രമല്ല ഇത്, പൊതുവെയുള്ള രീതിയാണിത്. അതേസമയം അനഭിമതരെ ഉന്നംവെച്ചുള്ള ചോദ്യത്തിന് കൃത്യമായ മറുപടി ലഭിക്കുകയും ചട്ടം ലംഘിച്ച് ചർച്ച അനുവദിക്കുകയും ചെയ്യും. പല ചോദ്യങ്ങളും അനുവദിക്കാറുമില്ല. ചോദ്യോത്തരത്തെ ചോദ്യം ചെയ്യലായിട്ടാണ് സഭാനേതൃത്വം കരുതുന്നത്.

അസോസിയേഷൻ നടപടിചട്ടങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരു അംഗം അവതരിപ്പിക്കാൻ ശ്രമിച്ച പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. പത്തു വർഷം മുമ്പ് സമാനമായ ഒരു പ്രമേയം അവതരിപ്പിച്ചതും പാസ്സാക്കിയതും പിന്നീട് ഒന്നും സംഭവിക്കാതെ പോയതും സഭാചരിത്രം. ഏതു ചട്ടം പ്രയോഗിച്ചാണ് പ്രമേയം തടഞ്ഞതെന്ന് അവതാരകന് അറിയിപ്പ് കിട്ടിയത് യോഗപ്പിറ്റേന്ന്.

അതേസമയം അനുമോദന-അനുശോചന-പ്രതിഷേധ-ഭക്തി പ്രമേയങ്ങൾക്ക് യാതൊരു പഞ്ഞവുമില്ല. ഇതിനു യാതൊരു മാനദണ്ഡവുമില്ല. മുൻകാലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്ന സഭാംഗങ്ങളേയും സമിതിയംഗങ്ങളേയും അനുമോദിക്കുന്ന പ്രമേയങ്ങളാണ് വന്നിരുന്നത്. ഇന്ന് 'മന്ത്രിയുടെ പ്യൂൺ' ആയി ഒരു സമിതിയംഗം നിയമിക്കപ്പെട്ടാൽ പ്രമേയം ഉറപ്പ്. അണിയില്ലാ പാർട്ടിയുടെ പ്രാദേശിക നേതാവായി നോമിനേഷൻ കിട്ടിയാലും അനുമോദനം കിട്ടും. അതേസമയം ഒരു സഭാംഗം സംസ്ഥാനത്തെ ചീഫ് സെക്രട്ടറിയായപ്പോൾ അനുമോദിക്കാൻ മറന്നുപോയ സംഭവം കേട്ടിട്ടുണ്ട്.

സഭയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യാതൊരു പ്രമേയവും - പ്രത്യേകിച്ച് അനഭിമതരാണ് അവതരിപ്പിക്കുന്നതെങ്കിൽ - അനുവദിക്കാറില്ല. അതേസമയം സൂര്യനു കീഴിലുള്ള ഏതുവിഷയവും നിർലോഭമായി അനുവദിക്കുകയും ചെയ്യുന്നു.

അംഗങ്ങൾ, മുൻ അംഗങ്ങൾ, സഭയ്ക്ക് ഗണ്യമായ സംഭാവന ചെയ്ത മറ്റു വ്യക്തികൾ, വിവിഐപികൾ തുടങ്ങിയവരുടെ നിര്യാണത്തിൽ അനുശോചിക്കുന്ന പ്രമേയങ്ങളാണ് മുൻകാലങ്ങളിൽ അനുവദിച്ചിരുന്നത്. ഇന്ന് ഏതൊരംഗത്തിനും ആരെക്കുറിച്ചു വേണമെങ്കിലും അനുശോചന പ്രമേയം അവതരിപ്പിക്കാം, പ്രത്യേകിച്ച് മാനദണ്ഡമൊന്നുമില്ല. മരിച്ചുപോയ സ്വന്തക്കാർക്കുവേണ്ടി പ്രമേയം അവതരിപ്പിച്ച ഒരു അംഗത്തെപ്പറ്റി കേട്ടിട്ടുണ്ട്.

ഏതൊരു ചെറിയ വിഷയം വീണുകിട്ടിയാലും പ്രതിഷേധ പ്രമേയത്തിനു വേണ്ടി മത്സരമാണ്. ഭക്തിപ്രമേയങ്ങൾ സ്തുതിപാടക പ്രമേയമായി മാറുന്നു. അതിനും കടിപിടിയുണ്ട്.

ചോദ്യോത്തരവും പ്രമേയവും അവതരിപ്പിക്കുന്നതിന് ചില മാനദണ്ഡവും നടപടിക്രമങ്ങളും അവ പരിശോധിച്ച് വേണ്ടത് അനുവദിക്കുന്നതിന് വർക്കിംഗ് കമ്മിറ്റിയിൽ ചില ഉപസമിതികളുമുണ്ടെന്നാണ് വയ്പ്. എന്നാൽ എല്ലാം ചിലർ തീരുമാനിക്കുന്നു; നടപ്പാക്കുന്നു. തന്നെ പിന്തുണയ്ക്കുന്നവരെ മാത്രം ഇതിനെല്ലാം അനുവദിക്കുന്നു. പലരും പ്രമേയത്തിലൂടെയും ചോദ്യോത്തരത്തിലൂടെയും മാത്രം ജീവിക്കുന്നു.

ഭരണഘടന (വകുപ്പ് 81) നിർബ്ബന്ധിക്കുന്നതുകൊണ്ട് മാത്രം മാനേജിംഗ് കമ്മിറ്റി ആണ്ടിൽ രണ്ടു തവണ കൂടി 'ഏമ്പക്കത്തിന്റെ അകമ്പടിയോടുകൂടിയ ഉച്ചസദ്യയോടെ' പിരിയുകയാണ് പതിവ്. ശതകോടികളുടെ കണക്ക് നിമിഷങ്ങൾ കൊണ്ട് പാസ്സാക്കുന്നു. ചോദ്യമില്ല; ചർച്ചയില്ല. അവതരിപ്പിച്ചാലുടനെ പ്രത്യേകം പരിശീലനം ലഭിച്ചിട്ടുള്ള 'ബഹള സേന' പാസ്സാക്കാമെന്ന് പറയുന്നു; കണക്കു പാസ്സാകുന്നു. എന്തെങ്കിലും അഭിപ്രായം പറയുന്നവരെ കൈകാര്യം ചെയ്യാൻ ഫൈവ് സ്റ്റാർ ഹോട്ടലിൽ റിഹേഴ്സൽ നടത്തിവന്നിട്ടുള്ള ഈ സേനയെ ഉപയോഗിക്കുന്നു.

അതേസമയം ബജറ്റ് അവതരിപ്പിക്കുന്ന ദിവസം ബജറ്റിനെ പ്രകീർത്തിച്ച് സെക്രട്ടറിയെ സുഖിപ്പിക്കാൻ സ്തുതിപാടകർക്ക് അവസരം ലഭിക്കാൻ മാത്രം ഉച്ചയ്ക്കുശേഷം അല്പനേരം കൂടി കമ്മറ്റി സമ്മേളിക്കാറുണ്ട്. ഊതിപ്പെരുപ്പിച്ചുണ്ടാക്കിയ ബജറ്റിൽ കൈയടി കിട്ടാനായി ഒട്ടേറെ ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുന്നു. അവയെല്ലാം ഏട്ടിൽ മാത്രം ജീവിക്കുന്നു. അതേസമയം മെത്രാൻ ട്രാൻസ്ഫറിനുവേണ്ടി കമ്മിറ്റി പലവട്ടം കൂടിയിട്ടുണ്ട് (അതേപ്പറ്റിയുള്ള ലേഖനം പിന്നീട്).

മറ്റു പരിപാടിയൊന്നുമില്ലെങ്കിൽ മാത്രം വൈസ് പ്രസിഡന്റുമാരായ മേൽപ്പട്ടക്കാരിൽ ചിലർ മാനേജിംഗ് കമ്മിറ്റിയിൽ സംബന്ധിക്കാറുണ്ട്. മറ്റുള്ളവർ സംബന്ധിക്കാത്തതിന് അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമല്ല. അപമാനവും കൈയേറ്റശ്രമവും പലരെയും അകറ്റി നിർത്തുന്നു.

സഭയുടെ ചരിത്രത്തിലെ ഏറ്റവും മോശമായ മാനേജിംഗ് കമ്മിറ്റിയാണ് ഇന്നു നിലവിലുള്ളതെന്ന് 159 പേർ ഒഴികെ എല്ലാവരും സമ്മതിക്കും. ഇതിന് ഒരു മാറ്റം ഉണ്ടാകേണ്ടതല്ലേ?

## അറിയിപ്പ്

നിലവിലുള്ള അസോസിയേഷൻ അംഗങ്ങൾക്കാണ് 'മലങ്കര നവോത്ഥാനം" ഇപ്പോൾ അയയ്ക്കുന്നത്. പുതിയ അംഗങ്ങളുടെ തെരഞ്ഞെടുപ്പിനുശേഷം പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടനെ ഈ ലക്കം അവർക്കും അയച്ചുകൊടുക്കുന്നതാണ്. നിലവിലുള്ള അസോസിയേഷൻ അംഗങ്ങൾക്ക് ലഭിച്ചിരിക്കുന്ന ആദ്യ ലക്കങ്ങൾ പുതിയ പ്രതിനിധികൾക്കു കൈമാറി അവർക്കും സഭാ സാഹചര്യങ്ങൾ മനസ്സിലാക്കാൻ അവസരം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**- പബ്ലിഷർ**

## വി. സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

ദൈവപുത്രാ, വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കുകയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചിലുകളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹിപ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.

മ്ശിഹാരാജാവേ, വിശുദ്ധസഭ നിന്നാൽ ഉയർത്തപ്പെടുകയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്കപ്പെടുകയും ചെയ്യണമെ.

കർത്താവേ, വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പുവിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോകയും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടുമാറാകണമെ.

ഞങ്ങളുടെ കർത്താവെ, നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.

## കത്തുകൾ

# ഉചിതമായ ഉദ്ബോധനം

## കെ. എം. മാത്യു, ചെങ്ങന്നൂർ

മലങ്കരസഭാ സമിതികളിലേക്കും ഉന്നതപദവികളിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ രണ്ടു ടേം പൂർത്തിയാക്കിയവർ വീണ്ടും മത്സരിക്കരുതെന്നും യോഗ്യതയുള്ള മറ്റുള്ളവർക്കും അവസരം നൽകണമെന്നുമുള്ള 'മലങ്കര നവോത്ഥാനം' പത്രികയുടെ രണ്ടാം ലക്കത്തിൽ വന്ന മുഖലേഖനത്തിലെ ഉദ്ബോധനം പ്രസക്തവും ശ്രദ്ധേയവും ഉചിതവുമാണെന്നു വിശേഷിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. സഭയുടെ ഉന്നതസമിതികളിൽ പങ്കെടുക്കാനും കഴിവുള്ള സേവനങ്ങൾ അനുഷ്ഠിക്കാനും ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുണ്ട്. പക്ഷെ അവരിൽ പലരും രാഷ്ട്രീയരംഗത്തെ തെരഞ്ഞെടുപ്പുപോലെ മത്സരിക്കാനും പണം എറിഞ്ഞു വോട്ടു തേടാനും തയ്യാറായിരിക്കുകയുമില്ല. ഇത്തരക്കാരെ കണ്ടുപിടിച്ചു സഭാസേവനത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള ശ്രമം അസോസിയേഷൻ പ്രതിനിധികൾ നടത്തിയേ തീരൂ. കാലാവധി കഴിഞ്ഞവർ സ്വയം ഒഴിഞ്ഞു മറ്റുള്ളവർക്ക് അവസരം നൽകുന്ന മാതൃക മലങ്കരസഭയിൽ സൃഷ്ടിച്ചവർ ഉണ്ട്. ആ മാതൃക പിന്തുടരാൻ പറ്റിയതുമാണ്. മാനേജിംഗ് കമ്മിറ്റി അംഗങ്ങളായും ട്രസ്റ്റികളായും വരുന്നവർ സഭയുടെ സാക്ഷ്യത്തിനും സേവനപ്രവർത്തനങ്ങൾക്കും വിലപ്പെട്ട സംഭാവന ചെയ്യേണ്ടവരാണെന്ന ബോധം തെരഞ്ഞെടുക്കുന്നവരെ ഭരിക്കേണ്ടതാണ്. സമിതികളിൽ ഒരിക്കൽ അംഗങ്ങൾ ആകുന്നവർക്കു വീണ്ടും മത്സരിക്കാൻ യോഗ്യതയുണ്ടെങ്കിലും മറ്റുള്ളവർക്ക് അവസരം നിഷേധിക്കുന്ന സ്ഥിതിവിശേഷം ഒട്ടുംതന്നെ അഭികാമ്യമല്ല. തന്നിമിത്തം അഞ്ചു വർഷ കാലാവധി അലംഘനീയമായി നിലനിൽക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ ചുറ്റുപാടാണ് വേണ്ടത്. വ്യക്തി-കക്ഷി-രാഷ്ട്രീയ താല്പര്യങ്ങൾ ഒന്നുംതന്നെ സഭാസമിതി തെരഞ്ഞെടുപ്പുകളെ സ്വാധീനിക്കരുതെന്നുള്ള മുഖലേഖനത്തിന്റെ സാരം ഉൾക്കൊള്ളാൻ സഭാസ്നേഹികൾക്കു സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

## Malankara Orthodox Renaissance Movement

Renaissance was a mighty cultural movement that transformed Europe from the dark Middle age to the Modern age. Paulos Mar Gregorios Metropolitan calls for another renaissance for our world in his celebrated book, The Human Presence. Malankara Orthodox Renaissance Movement is a movement of people who call for a renaissance in the Orthodox church of India. We welcome all people of good will to join us - both men and women, both clergy and laymen. Let us pour before God our earnest wish for a renaissance in our church, let us prayerfully share our thoughts and feelings of how our dream can become a reality.

**Pl. Visit Our Blog for more Details and Good Articles.**

**http://malankararenaissance.blogspot.in/**

# എം. എ. ചാക്കോ: മലങ്കരസഭയുടെ അഭിമാനവും നസ്രാണി സിംഹവും

## കെ. വി. മാമ്മൻ, കോട്ടയ്ക്കൽ



പഴയ കൊച്ചി രാജ്യത്തെ പ്രശസ്തനായ പോലീസ് സൂപ്രണ്ട്, എക്സൈസ് കമ്മീഷണർ, നായർ പട്ടാളം കമാൻഡർ മുതലായ നിലകളിൽ സേവനം അനുഷ്ഠിക്കുന്നതിനിടയിൽ മലങ്കര സഭയുടെ ഒരുത്തമാംഗമായിരുന്ന് എം. എ. ചാക്കോ ചെയ്ത സേവനങ്ങൾ ആധുനിക സഭാചരിത്രത്തിലെ തിളങ്ങുന്ന ഒരദ്ധ്യായമായി അവശേഷിക്കുന്നു. കൊച്ചി നിയമസഭയിൽ ഏഴുവർഷം അംഗമായിരുന്ന അദ്ദേഹത്തിന്റെ ഗംഭീര ഗർജനങ്ങളും നസ്രാണി സിംഹം എന്ന പേരിനദ്ദേഹത്തെ അർഹനാക്കി.

അയ്മ്പിള്ളി മഴുവഞ്ചേരിപറമ്പത്തു കുഞ്ഞവിരാ-മറിയം ദമ്പതികളുടെ പുത്രനായി 1870 ഒക്ടോബർ 19-നു ജനിച്ച ചാക്കോ സൂപ്രണ്ട് സഭാ ജീവിതത്തിലും ഔദ്യോഗിക രംഗത്തും സത്യസന്ധനും അഴിമതി വിരുദ്ധനുമായി ജീവിച്ചതുകൊണ്ട് സഭയുടെയും കൊച്ചി രാജാവിന്റെയും മറ്റും ആദരവും ബഹുമാനവും ജീവിതാന്ത്യം വരെയും ആർജ്ജിച്ചിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ അന്ത്യോക്യയിലെ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കര മെത്രാപ്പോലീത്തായായിരുന്ന സഭാഭാസുരൻ വട്ടശ്ശേരിൽ പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ അകാരണമായി മുടക്കി സഭയിൽ പ്രക്ഷുബ്ധമായ അന്തരീക്ഷം സൃഷ്ടിച്ചപ്പോൾ എം. എ. ചാക്കോ മെത്രാപ്പോലീത്തായുടെ പിന്നിൽ ഉരുക്കുപോലെ ഉറച്ചുനിൽക്കുകയും അനേകംപേരെ ആ നിലപാടിൽ ഉറപ്പിച്ചു നിർത്തുകയും തുടർന്ന് എറണാകുളം, തൃശൂർ, വടക്കാഞ്ചേരി എന്നിവിടങ്ങളിൽ ഓർത്തഡോക്സ് സഭയുടെ പള്ളികൾ സ്ഥാപിക്കാൻ നേതൃത്വം നൽകുകയും ചെയ്തു. തൃശൂരിൽ പള്ളി ഇല്ലാതിരുന്ന കാലത്ത് 25 കിലോമീറ്ററിലധികം സൈക്കിൾ ചവിട്ടി ഞായറാഴ്ചകളിൽ കുന്നംകുളം ആർത്താറ്റുപള്ളിയിലെ ആരാധനയിൽ സംബന്ധിച്ചുവന്ന എം. എ. ചാക്കോയുടെ സഭാസ്നേഹത്തിന് ആരുടെയും സർട്ടിഫിക്കറ്റ് ആവശ്യമില്ലല്ലോ.

സമർത്ഥനായ ഒരു വിദ്യാർത്ഥിയായി ആ ഗ്രാമീണബാലനു ഉയരാൻ സാധിച്ചില്ലെങ്കിലും നിരന്തരമായ പരിശ്രമം, ക്ഷീണിക്കാത്ത മനക്കരുത്ത്, നിരാശകളെ പിൻതള്ളുന്ന നിശ്ചയദാർഢ്യം എന്നിവ മൂലം ചാക്കോ ഉന്നതസ്ഥാനത്തു എത്തിച്ചേരുകയായിരുന്നു. ഹൃദയശുദ്ധിയും, ആത്മാർത്ഥത നിറഞ്ഞ സേവനസന്നദ്ധതയും കളങ്കരഹിതമായ സൽപെരുമാറ്റവും ആയിരുന്നു ചാക്കോയുടെ കൈമുതൽ. കൊച്ചിയിലെ തൃശൂരിൽ താമസിച്ചുവന്ന എം. എ. ചാക്കോ തിരുവിതാംകൂറിൽ തനിക്കു ഒട്ടധികം സുഹൃത്തുക്കൾ ഉണ്ടായിരുന്നതിനാൽ സഭയുടെ ഏതു കാര്യത്തിനും സഭാകേന്ദ്രമായ കോട്ടയത്ത് പലപ്പോഴും ഉണ്ടായിരുന്നു.

എം. എ. ചാക്കോയെപ്പറ്റി മലയാള മനോരമയുടെ പത്രാധിപരും സാഹിത്യകാരനുമായിരുന്ന പി. സി. കോരുത് 1944-ൽ എഴുതിയ നഖചിത്രത്തിലെ ഒരു വാചകമാണു താഴെ ഉദ്ധരിക്കുന്നത്:

"എം. എ. ചാക്കോ ചന്ദ്രശേഖരനാനയുടെ തലയെടുപ്പും അമ്പലക്കാളയുടെ നടത്തയും ചിന്താഗൗരവം സ്ഫുരിക്കുന്ന മുഖഭാവവും പ്രഥമ വീക്ഷണത്തിൽ കാര്യഗ്രഹണസമർത്ഥമായ നേത്രങ്ങളും നരച്ചുതുടങ്ങിയ ശിരസ്സും വാർദ്ധക്യത്തെ നിസ്സാരമായി ഗണിച്ചുകൊണ്ടുള്ള ഊർജ്ജസ്വലതയും ഉള്ള ഒരു വ്യക്തിയായിരുന്നു."

സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവിന്റെ പ്രത്യേക പരിഗണനയ്ക്കും വാത്സല്യത്തിനും പാത്രീഭവിച്ചിരുന്ന എം. എ. ചാക്കോ, മഹാരാജാവിന്റെ കാശി യാത്രയിൽ അദ്ദേഹത്തെ പരമ വിശ്വസ്തതയോടെ അകമ്പടി സേവിക്കുകയും രാജകീയ പാരിതോഷികങ്ങൾക്കു അർഹനാകുകയും ചെയ്തു.

തൃശൂരിൽ പണ്ടുനടന്ന കുപ്രസിദ്ധമായ നായർ-നസ്രാണി ലഹളക്കാലത്തു പോലീസ് സൂപ്രണ്ടായിരുന്ന ചാക്കോയുടെ ധീരതയും ആജ്ഞാ പ്രഭാവവും നയചാതുര്യവും കൊച്ചിയിലെ ഭരണാധികാരികളും ഭരണീയരും ഒരുപോലെ നേരിട്ട് അനുഭവിച്ചറിഞ്ഞതാണ്.

ബി.എ. പാസ്സായശേഷം കൊച്ചി ഗവണ്മെന്റു സർവീസിൽ 15 രൂപ ശമ്പളമുള്ള ക്ലാർക്കായി കയറിയ എം. എ. ചാക്കോ കൊച്ചിയിലെ പ്രഥമ ക്രിസ്ത്യൻ ദിവാൻ പേഷ്ക്കാറായും പോലീസ് സൂപ്രണ്ടായും നായർ പട്ടാളം കമാൻഡറായും ഉയർന്നപ്പോൾ ശമ്പളം 750 രൂപയായി വർദ്ധിച്ചു. കൈക്കൂലിയും അനീതിയും അഹങ്കാരവും സ്പർശിച്ചിട്ടില്ലാത്ത ചാക്കോ പറയുമായിരുന്നു "15 രൂപയിൽ നിന്നു 750 രൂപാ ശമ്പളത്തിൽ വരെ ദൈവം എന്നെ ഉയർത്തി. ഇതുകൊണ്ടു ഞാൻ പരിപൂർണ്ണ തൃപ്തനാണ്."

ഒരു ഔദാര്യനിധിയായിരുന്നു അദ്ദേഹം. ഒട്ടധികം പാവപ്പെട്ട കുട്ടികൾക്കു ഫീസു കൊടുത്തു സഹായിച്ചു വന്നിരുന്നു.

നോമ്പും കുടുംബപ്രാർത്ഥനയും ഉപവാസവും ഉപേക്ഷിക്കാതെ ജീവിതാന്ത്യം വരെയും അവയെല്ലാം അന്യൂനം ആചരിച്ചിരുന്ന അദ്ദേഹം 25-ാമത്തെ വയസ്സിലാണ് സഭാ മാനേജിംഗ് കമ്മിറ്റി അംഗമാകുന്നത്. എല്ലാ യോഗങ്ങളിലും സംബന്ധിക്കുകയും കാര്യപരിപാടികളിൽ താല്പര്യപൂർവ്വം ഇടപെടുകയും ചെയ്തുവന്നു.

സുറിയാനി സമുദായത്തിന് ആഭ്യന്തരവും ശുഭവുമായ ഭരണക്രമം സമ്പാദിക്കുകയും ആവശ്യമായ ആശയമണ്ഡല പദ്ധതികൾ ബലപ്പെടുത്തുകയും ചെയ്തത് ഇ. ജെ. ജോൺ, എം. എ. ചാക്കോ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് എന്നിവരായിരുന്നു. ജോൺ വക്കീൽ അപകടകരമല്ലാത്ത വഴി കണ്ടുപിടിച്ചും എം. എ. ചാക്കോ പോകേണ്ട വഴി ചൂണ്ടിക്കാട്ടിയും ജയാപജയങ്ങളെ അവഗണിച്ചും മുന്നേറുമ്പോൾ വട്ടശ്ശേരിൽ തിരുമേനി നാരായണാസ്ത്രം പ്രയോഗിക്കപ്പെട്ടാൽ വിജയം കണ്ടല്ലാതെ മടങ്ങി വരാറില്ലായിരുന്നു. പരേതരായ കന്നുകുഴി കുരുവിള എൻജിനീയറും, കെ. സി. മാമ്മൻ മാപ്പിളയും ഈ ത്രിമൂർത്തികൾക്കു ബലിഷ്ഠമായ സഹായകർമ്മങ്ങൾ ചെയ്തുകൊണ്ടിരുന്നു.

മലങ്കര സുറിയാനി സഭയുടെ അഭിമാനമായിരുന്ന ചാക്കോ സമുദായക്കേസിൽ ഒരു സാക്ഷിയായിരുന്നു. ആരോഗ്യത്തെ അവഗണിച്ചു കോട്ടയം കോടതിയിൽ മൊഴി കൊടുക്കുന്നതിനായി നേരത്തെ പഴയസെമിനാരിയിൽ വന്നു താമസിച്ചു. രാവിലെ വി. കുർബ്ബാനയിൽ പങ്കെടുക്കുകയും അനുഭവിക്കുകയും ചെയ്തശേഷം കോടതിയിലേക്കു പോകാൻ കോണിപ്പടികൾ ഇറങ്ങവേ പെട്ടെന്നു ഹൃദ്രോഗം വർദ്ധിച്ചു 1941 ഓഗസ്റ്റ് 25-നു അന്തരിച്ചു. ചാക്കോയെപ്പോലെയുള്ള സമുന്നത സഭാസ്നേഹികൾ ഇന്നില്ല.

സഭകളുടെ ലോകകൗൺസിൽ പ്രസിഡന്റായിരുന്ന മിസ് സാറാ ചാക്കോ, പ്രസിദ്ധ ഡോക്ടറും സഭാനേതാവുമായിരുന്ന ഡോ. ചാക്കോ ജോർജ് എന്നിവർ എം. എ. ചാക്കോയുടെ മക്കളിൽ പെടുന്നു. ഹൈക്കോടതി ജസ്റ്റീസ് ആയിരുന്ന കടവിൽ പൗലോസ് ജഡ്ജി ജാമാതാവായിരുന്നു. ❑

# മാനേജിംഗ് കമ്മിറ്റി: ഇന്നലെ, ഇന്ന്, നാളെ

## ഫാ. സി. ഒ. ജോർജ് (സഭാ മാനേജിംഗ് കമ്മിറ്റിയംഗം)

മലങ്കര മഹാ ഇടവകയുടെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുവാനുള്ള പ്രക്രിയ സഭയുടെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണല്ലോ. 4000-ൽ അധികം അംഗസംഖ്യയുള്ള അസ്സോസിയേഷന് സഭയുടെ എല്ലാ പ്രവർത്തനങ്ങളും നേരിട്ടു നടത്തുവാനുള്ള പ്രായോഗിക വൈഷമ്യം മൂലമാണ് അസ്സോസിയേഷൻ തെരഞ്ഞെടുക്കുന്ന മാനേജിംഗ് കമ്മിറ്റിയെ സഭയുടെ വലിയ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നത്. സഭയുടെ ഭരണഘടന വിഭാവനം ചെയ്തവർ എത്രമാത്രം ബുദ്ധിപരമായും ദീർഘദൃഷ്ടിയോടും കൂടിയാണ് സഭയുടെ നടപടിചട്ടങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത് എന്ന് അവധാനതയോടുകൂടി പഠിക്കുന്ന ഏവർക്കും മനസ്സിലാക്കുവാൻ സാധിക്കും. അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലേക്ക് അതിനു യോഗ്യരായവരെ കണ്ടുപിടിച്ച് തെരഞ്ഞെടുത്തു വിടുവാൻ ഇടവകകൾക്കും ഭദ്രാസനങ്ങൾക്കും മലങ്കര മഹാഇടവക യോഗത്തിനും ബാദ്ധ്യതയുണ്ട്.

മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ഏറ്റവും സമർത്ഥരും നിസ്വാർത്ഥമതികളും പ്രാർത്ഥനാജീവിതമുള്ളവരും സഭാസ്നേഹികളുമായ വ്യക്തികളുടെ നീണ്ട നിര നമുക്കു ദർശിക്കുവാൻ കഴിയും. നാലര ദശാബ്ദത്തിലേറെ കോട്ടയത്തു താമസിക്കുന്ന ഒരു സഭാംഗമെന്ന നിലയിൽ മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നേരിട്ടു മനസ്സിലാക്കുവാനും അവലോകനം ചെയ്യുവാനും അവസരം ലഭിച്ചിട്ടുണ്ട്. 1969-ലാണ് ഞാൻ വൈദിക വിദ്യാഭ്യാസത്തിനായി പഴയസെമിനാരിയിൽ ചേരുന്നത്. സാധാരണയായി മാനേജിംഗ് കമ്മിറ്റി അന്ന് പഴയസെമിനാരിയുടെ രണ്ടാം നിലയിലുള്ള "കമ്മിറ്റി മാളിക"യിലാണ് യോഗം ചേർന്നിരുന്നത്. ഒരു ദേവാലയം പോലെ വിരിച്ചൊരുക്കപ്പെട്ട മാളിക. ആത്മിക ചൈതന്യം പരിലസിക്കുന്ന പുണ്യപിതാക്കന്മാരുടെ, ഉത്തമന്മാരായ ഭരണകർത്താക്കളുടെ മനോഹര ചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ട ഒരു പുണ്യസ്ഥലം. മാനേജിംഗ് കമ്മിറ്റി കൂടുന്നതിന് ഒരാഴ്ച മുമ്പെങ്കിലും സെമിനാരിയിൽ യോഗത്തിന്റെ തയ്യാറെടുപ്പുകൾ ആരംഭിക്കും. തിരുമേനിമാർക്കും വിദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന അംഗങ്ങൾക്കും താമസത്തിനും വിശ്രമത്തിനും സൗകര്യം ഒരുക്കുന്നതിനും കമ്മറ്റി മാളിക സജ്ജീകരിക്കുന്നതിനുമുള്ള ചുമതലകൾ ഏറെയും സെമിനാരി വിദ്യാർത്ഥികൾക്കായിരുന്നു.

കാതോലിക്കാബാവാ തിരുമേനി ഉൾപ്പെടെ 11 തിരുമേനിമാരും ക്നാനായ ഭദ്രാസനം ഉൾപ്പെടെ 10 ഭദ്രാസനങ്ങളുമാണ് അന്ന് മലങ്കരസഭയിൽ ഉണ്ടായിരുന്നത്. സഭയിലെ പ്രഗത്ഭരായ വൈദികരെയും അതിസമർത്ഥരായ അത്മായക്കാരെയുമാണ് അന്ന് വിവിധ ഭദ്രാസനങ്ങൾ തെരഞ്ഞെടുത്തയച്ചിരുന്നത്. ഏറെയും മത്സരവും വോട്ടിങ്ങും ഇല്ലാതെ ഏകകണ്ഠമായി തീരുമാനിക്കപ്പെട്ടവർ. നോമിനേറ്റു ചെയ്യപ്പെട്ടവർ എല്ലാം സഭയുടെ വിവിധ തലത്തിലെ പ്രതിഭകൾ. ഡോ. എ. റ്റി. മർക്കോസ്, ഡോ. ചാക്കോ ജോർജ്, ജസ്റ്റീസ് കൊച്ചുതൊമ്മൻ, കോരുതു ജഡ്ജി, അഡ്വ. കെ. ചെറിയാൻ വട്ടക്കുന്നേൽ, അഡ്വ. എം. ഏബ്രഹാം, കുര്യൻ ഏബ്രഹാം ഉപ്പൂട്ടിൽ, പി. റ്റി. തോമസ് പാലാമ്പടം, ഈ. ജെ. ജോസഫ് എറികാട്ട്, ഇലഞ്ഞിക്കൽ ഇ. ജോൺ ജേക്കബ്, പത്മശ്രീ കെ. എം. ചെറിയാൻ, പി. ജെ. കോശി, മത്തായി മാത്യൂസ്, പത്മഭൂഷൺ കെ. എം. മാത്യു അങ്ങനെ സഭയ്ക്ക് എന്നും അഭിമാനിക്കാവുന്ന ഒരു ശ്രേഷ്ഠ കൂട്ടം. മാനേജിംഗ് കമ്മിറ്റി നടക്കുന്ന ദിവസം രാവിലെ കൃത്യസമയത്ത് ചാപ്പലിലെ പ്രാർത്ഥനയ്ക്കുശേഷം പഴയസെമിനാരിയുടെ രണ്ടാം നിലയിലേക്കുള്ള ഇടുങ്ങിയ ചവിട്ടുപടികളിലൂടെ യന്ത്രപ്പടികളെക്കാൾ അനായാസമായി കയറിപ്പോകുന്ന മേല്പട്ടക്കാരും വൈദികരുമടങ്ങിയ സഭാമക്കൾ സഭയുടെ കെട്ടുപണിക്കായി ദൈവം ഞങ്ങളെ നിയോഗിച്ചിരിക്കുന്നു എന്ന ദൈവികമായ ഉൾവിളിയാലാണ് കമ്മിറ്റി മാളികയിലെത്തുന്നത്. അവിടെ ആരവങ്ങളും ആക്രോശങ്ങളുമില്ലായിരുന്നു. ചോദ്യോത്തര കോലാഹലമില്ല. പ്രമേയങ്ങളുടെ പെരുമഴയില്ല. വളരെ അച്ചടക്കത്തോടെ വിഷയങ്ങൾ ആലോചിച്ചു തീരുമാനങ്ങളെടുത്ത് അംഗങ്ങൾ കമ്മിറ്റി മാളികയ്ക്കു പുറത്തേക്കു വരുമ്പോൾ ഒരു ദേവാലയത്തിൽ നിന്ന് ആരാധന കഴിഞ്ഞു വരുന്ന ഭക്തജനങ്ങളുടെ സംതൃപ്തിയാണ് അംഗങ്ങളുടെ മുഖത്തു നിഴലിച്ചിരുന്നത്. മലങ്കരസഭയുടെ ഭരണപരിഷ്ക്കാര രംഗത്ത് വിപ്ലവകരമായ സംഭാവനകളാണ് അന്ന് ലഭിച്ചത്. ഭരണഘടനാഭേദഗതികൾ, അസോസിയേഷൻ നടപടിചട്ടങ്ങൾ, മാനേജിംഗ് കമ്മിറ്റി പെരുമാറ്റ സംഹിത എല്ലാം അന്നാണ് രൂപപ്പെട്ടത്. ബലഹീനനെന്നു സ്വയം വിശേഷിപ്പിച്ചിരുന്ന പരിശുദ്ധ ഔഗേൻ ബാവാ തിരുമേനിയോടൊപ്പം അദ്ദേഹത്തിന്റെ അസിസ്റ്റന്റായ വട്ടക്കുന്നേൽ ബാവാ തിരുമേനിയുടെ നേതൃത്വവും ധിഷണാശാലികളായ അനേകം കമ്മിറ്റി അംഗങ്ങളുടെയും അദ്ധ്വാനവുമാണ് അതിനു നിദാനമായത്.

മലങ്കര സഭാസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'മലങ്കരദീപം' എന്ന പ്രസിദ്ധീകരണത്തിന്റെ ചുമതലക്കാരനെന്ന നിലയിൽ ഒരു നിരീക്ഷകനായും 1987-ൽ നോമിനേറ്റഡ് അംഗമെന്ന നിലയിലും സഭാ മാനേജിംഗ് കമ്മിറ്റിയിൽ ഞാൻ സംബന്ധിച്ചിരുന്നു. 2012-ൽ തിരഞ്ഞെടുക്കപ്പെട്ട അംഗമെന്ന നിലയിൽ മാനേജിംഗ് കമ്മിറ്റിയംഗമായി.

1975-നു ശേഷമുള്ള നാല്പതിൽപരം വർഷത്തെ കാലവിളംബം സഭാ മാനേജിംഗ് കമ്മിറ്റിയെ സമൂലമായ രൂപാന്തരത്തിലേക്കു നയിച്ചു. മാനേജിംഗ് കമ്മിറ്റി യോഗസ്ഥലം പൗരാണികത വിളിച്ചോതുന്ന പഴയസെമിനാരി നാലുകെട്ടിലെ രണ്ടാം നിലയിലുള്ള മാനേജിംഗ് കമ്മിറ്റി മാളികയിൽ നിന്നും താഴത്തെ നിലയിലെ കോൺക്രീറ്റു കെട്ടിടത്തിലേക്കു മാറി. 10 ഭദ്രാസനങ്ങൾ 30 ആയി മാറി. 11 തിരുമേനിമാരുടെ സ്ഥാനത്ത് 27 പേർ സ്ഥാനികളായി. നോമിനേറ്റ് ചെയ്യപ്പെടുന്ന പ്രതിഭകളുടെ സ്ഥാനം പല പ്രതിമകളും കയ്യടക്കി. ഗൂഢമായ ലക്ഷ്യങ്ങൾ നടത്തിയെടുക്കുവാൻ കോർണർ മീറ്റിംഗുകളും ഗ്രൂപ്പുയോഗങ്ങളും രഹസ്യസങ്കേതങ്ങളിൽ കൂടി. ഭീഷണിയും വെല്ലുവിളികളും ഉയർന്നു. ചില അംഗങ്ങളുടെ സുരക്ഷിതത്വം തന്നെ ചോദ്യം ചെയ്യപ്പെട്ടു. മേല്പട്ടക്കാരെപ്പോലും അപമാനിക്കുന്ന രീതിയിലുള്ള സംസാരത്തിന് ചിലർ ഒരുമ്പെട്ടു. മാനേജിംഗ് കമ്മിറ്റി യോഗങ്ങളിൽ സംബന്ധിക്കാത്ത അംഗങ്ങളുടെ സംഖ്യ, സംബന്ധിക്കുന്നവരുടെ സംഖ്യക്കു മുകളിലായി. ഈ ദുഃസ്ഥിതി മാറണം. മാനേജിംഗ് കമ്മിറ്റിയുടെ ആദ്യകാല അനുഭവങ്ങളിലേക്കു നാം തിരികെ ചെല്ലണം. നിഗൂഢലക്ഷ്യങ്ങളും സ്വാർത്ഥതാല്പര്യങ്ങളും പാർലമെന്ററി വ്യാമോഹവും ഉള്ളവർ ഒഴിവാക്കപ്പെടണം. ഓരോ ഇടവകയിൽ നിന്നും മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിലേക്കു തെരഞ്ഞെടുത്തയയ്ക്കപ്പെടുന്ന പ്രതിനിധികൾ ദൈവസഭയുടെ കെട്ടുപണിക്കായി ലഭിച്ചിരിക്കുന്ന ദൈവനിയോഗമാണിതെന്നു മനസ്സിലാക്കണം. അതിലൂടെ ഒരു നല്ല മാനേജിംഗ് കമ്മിറ്റിയും സഭാസ്ഥാനികളും തെരഞ്ഞെടുക്കപ്പെടട്ടെ.

# അൽമായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് മത്സരിക്കുന്ന സന്തോഷ് ബേബി



2017 മാർച്ച് 1-ാം തീയ്യതി നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് സന്തോഷ് ബേബി എ. കെ മത്സരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗമായ സന്തോഷ് ബേബി ഏ.കെ അഖിലമലങ്കര സണ്ടേസ്കൂൾ അസോസിയേഷന്റെ കേന്ദ്ര ട്രഷറർ ആണ്. എഞ്ചിനീയറിംഗ് ബിരുദധാരിയായ അദ്ദേഹം ഇലക്ട്രോണിക്സ് അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നു. മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അവാർഡ് ജേതാവാണ് അതോടൊപ്പം കൗൺസിലിംഗിൽ മാസ്റ്റർ ബിരുദവും നേടിയിട്ടുണ്ട്.

വൈ.എം.സി.എ യുടെ ഇന്റർനാഷണൽ എക്യുമെനിക്കൽ സെന്റർ ചെയർമാനാണ്. സണ്ടേസ്കൂൾ ഭദ്രാസന ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന ഇദ്ദേഹത്തിന്റെ അനുഭവപാടവം സഭയുടെ പ്രവർത്തനത്തിൽ പ്രയോജനകരമാണ്. കരിയർ ഗൈഡൻസ് & കൗൺസിലിംഗിന്റെ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ആണ്.


ചെറുവക്കൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗമാണ്.

# സ്ഥാനാർത്ഥികളെ പരിചയപ്പെടാം...

## വൈദിക ട്രസ്റ്റി സ്ഥാനത്തേയ്ക്ക്:

# ഫാ. ഡോ. എം. ഒ. ജോൺ

### കെ. എം. വറുഗീസ് തുമ്പമൺ



പ്രമുഖ സഭാചരിത്ര പണ്ഡിതനും ബാംഗ്ലൂർ യുണൈറ്റഡ് തിയളോജിക്കൽ കോളജിലെ ചരിത്ര വിഭാഗം മേധാവിയും മികച്ച പ്രഭാഷകനും എഴുത്തുകാരനും മലങ്കരസഭാദീപം പത്രാധിപരുമായ ഫാ. ഡോ. എം. ഒ. ജോൺ വൈദിക ട്രസ്റ്റി സ്ഥാനാർത്ഥിയാണ്. നേരത്തെ അദ്ദേഹം പഴയസെമിനാരിയിലെ സഭാചരിത്ര പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

മലങ്കരസഭയുടെ യു.കെ, യൂറോപ്പ് ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റി അംഗമായ അച്ചൻ പ്രശസ്തമായ അലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ കുണ്ടറ സെന്റ് കുറിയാക്കോസ് സെമിനാരി മാനേജർ എന്നീ നിലകളിലും സഭയുടെ പല സമിതികളും സേവനം അനുഷ്ഠിച്ചു തന്റെ കഴിവുകൾ വ്യക്തമാക്കിയിട്ടുള്ള ഒരു പ്രമുഖ വൈദികനാണ്. എക്യൂമെനിക്കൽ രംഗത്തെ ശക്തനായ ഒരു നേതാവെന്ന നിലയിലും വിയന്നായിലേയും ദക്ഷിണാഫ്രിക്കയിലെയും ഇടവകകളുടെ സ്ഥാപക വികാരി എന്ന നിലയിലും ഫാ. എം. ഒ. ജോൺ അറിയപ്പെടുന്നു.

തുമ്പമൺ മഠത്തിൽ എം. കെ. ഉമ്മന്റെ പുത്രനായി 1955-ൽ ജനിച്ച എം. ഒ. ജോൺ ബിരുദാനന്തര പഠനത്തിനുശേഷം വിയന്നാ സർവ്വകലാശാലയിൽ നിന്നു ക്രൈസ്തവ സഭാചരിത്രത്തിൽ ഡോക്ടറേറ്റു നേടി. തുടർന്ന് വൈദികസെമിനാരി സ്റ്റാഫിൽ ചേർന്ന് അനേകം വൈദിക വിദ്യാർത്ഥികൾക്കു പ്രിയ ഗുരുവായി. അദ്ദേഹം തന്റെ അറിവും ചിന്തകളും മലങ്കരസഭാദീപത്തിലൂടെ പകർന്നു നൽകി വരികയാണ്. സഭാചരിത്രം, കാനോൻ, സഭാഭരണഘടന, അന്ത്യോക്യൻ സഭയുടെ കടന്നാക്രമണങ്ങളുടെ ഉള്ളുകള്ളികൾ മുതലായവകളെപ്പറ്റി നല്ല അവഗാഹമുള്ള ഫാ. എം. ഒ. ജോൺ ഇക്കാര്യങ്ങളെപ്പറ്റി നടത്തുന്ന പ്രഭാഷണങ്ങളും എഴുതിക്കൊണ്ടിരിക്കുന്ന ലേഖനങ്ങളും പണ്ഡിതോചിതവും ശ്രോതാക്കൾക്കും അനുവാചകർക്കും കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ തികച്ചും പര്യാപ്തവുമാണ്. ഒരു വൈദിക ട്രസ്റ്റി എന്ന നിലയിലും ആധുനിക സംഭവഗതികളുടെ നിരീക്ഷകൻ എന്ന നിലയിലും സഭാകേന്ദ്രത്തിനു ആവശ്യമായ പല കാര്യങ്ങൾ സമർപ്പിക്കുന്നതിനുള്ള കഴിവ് അച്ചനിൽ ഗുപ്തമായിരിക്കുന്നു എന്ന വസ്തുത അംഗീകരിക്കാതിരിക്കാൻ സാധ്യമല്ല. ഇപ്പോൾ ഔദ്യോഗികമായി മറ്റു സ്ഥാനങ്ങൾ ഒന്നും ഇല്ലാത്ത – ചെറുപ്പം ചെറുതാകാത്ത – ഫാ. ജോണിനു സഭയുടെ ഭാവികാര്യങ്ങളിൽ നിർണ്ണായകമായ പങ്കു വഹിക്കാൻ സാധിക്കുമെന്നാണ് അച്ചന്റെ പരശതം ശിഷ്യന്മാരുടെയും മനസ്സാക്ഷി വാടകയ്ക്കു കൊടുക്കാത്ത അഭ്യുദയകാംക്ഷികളുടെയും ചിന്താഗതി.

ഇപ്പോൾ സഭയുടെ കീഴിലുള്ള പ്രമുഖ സ്ഥാപനങ്ങളിൽ ശമ്പളം പറ്റിക്കൊണ്ടു ജോലിചെയ്യുന്ന ആരെങ്കിലും വൈദിക ട്രസ്റ്റി സ്ഥാനത്തേക്കു മത്സരിക്കാൻ തയ്യാറെടുക്കുന്നുണ്ടെങ്കിൽ അവർ ഇന്നു വഹിക്കുന്ന ഉന്നതസ്ഥാനം ധാർമ്മികതയുടെ പേരിൽ രാജിവെച്ചശേഷമേ അതിനു തുനിയാവൂ. ഒരാൾ തന്നെ ഒരേ സമയം ദീർഘകാലം രണ്ടും മൂന്നും സ്ഥാനങ്ങൾ വഹിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ രാഷ്ട്രീയ രംഗത്തും മറ്റും കർശന നടപടി സ്വീകരിച്ചു വരുന്നത് ആരും കാണുന്നില്ലെന്നു നടിക്കുന്ന ഒട്ടകപ്പക്ഷി നയം പ്രബുദ്ധമായ ഒരു വലിയ സമുദായ സമിതിയുടെ മുമ്പിൽ ഒട്ടും വിലപ്പോകുകയില്ലെന്നും ഓർക്കേണ്ടതുണ്ട്.

സഭയുടെ ഉന്നതപദവികളിലേക്കു മത്സരിക്കുന്ന ചിലർ തങ്ങൾ മേല്പട്ടക്കാരുടെ നിർബന്ധം കൊണ്ടാണു വീണ്ടും രംഗത്തിറങ്ങിയിരിക്കുന്നതെന്നു അസോസിയേഷൻ അംഗങ്ങളെ ഫോണിൽ വിളിച്ചു പറയുകയും അതിന് സിൽബന്ധികൾ മുഖേന പ്രചരണം കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇത് ഒട്ടും വിശ്വസനീയമല്ല. കാരണം മേല്പട്ടക്കാർ എല്ലാം തന്നെ നല്ല ബുദ്ധിമാന്മാരും സഭാഭരണഘടന അറിയാവുന്നവരുമാണ്. മലങ്കര അസ്സോസിയേഷന്റേതായ ജോലി മേല്പട്ടക്കാർക്കു ചെയ്യാനാവുകയില്ലല്ലോ. മേല്പട്ടക്കാരെ ഇങ്ങനെ ആക്ഷേപിക്കുന്നതും ഗർഹണീയമാണെന്നു കാണാൻ പ്രയാസമില്ല. സ്ഥാനാർത്ഥികൾ മുറത്തിൽ കയറി കൊത്താതിരിക്കുന്നതല്ലേ അഭികാമ്യം.

### തുമ്പമൺ മഠത്തിൽ ഫാ. ഡോ. എം. ഒ. ജോൺ

തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം

വേദശാസ്ത്രത്തിൽ ഉന്നത ബിരുദവും സഭാചരിത്രത്തിൽ ഡോക്ടറേറ്റും നേടി.


ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകനായും ആലുവാ തൃക്കുന്നത്ത് സെമിനാരി മാനേജരായും, കുണ്ടറ സെമിനാരി മാനേജരായും, ഓർത്തഡോക്സ് കത്തോലിക്കാ ഡയലോഗ് കമ്മീഷൻ അംഗമായും പ്രവർത്തിച്ചു. ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ വിസിറ്റിംഗ് പ്രൊഫസർ, സഭാമാനേജിംഗ് കമ്മിറ്റി അംഗം, കോളജ് ഗവേണിംഗ് ബോർഡ് അംഗം തുടങ്ങി വിവിധ കമ്മിറ്റികളിൽ അംഗമായും പ്രവർത്തിക്കുന്നു.

തുമ്പമൺ, അങ്കമാലി, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ വിവിധ ഇടവകകളിൽ വികാരിയായി പ്രവർത്തിച്ചു. വിയന്നായിലേയും സൗത്താഫ്രിക്കയിലെയും ഇടവകകളുടെ സ്ഥാപകനും വികാരിയും. പ്രഗത്ഭ അദ്ധ്യാപകൻ എഴുത്തുകാരൻ പ്രസംഗകൻ തുടങ്ങിയ നിലയിൽ അറിയപ്പെടുന്നു.

St. Thomas Christians in India, The Divine Liturgy, യറുശലേമിൽ നിന്ന്, സഭാസമാധാന പാതയിലെ പ്രശ്നങ്ങൾ, അപ്പോസ്തോലിക പിതാക്കന്മാർ, മലങ്കരസഭാചരിത്രത്തിന്റെ പുനർവായന എന്നീ പുസ്തകങ്ങളും സഭാചരിത്രപരവും ആനുകാലികവും ആയ അനേക ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## വൈദിക ട്രസ്റ്റി സ്ഥാനത്തേയ്ക്ക്:

### വെരി റവ. ജോസഫ് സാമുവൽ കറുകയിൽ




പ്രശസ്ത സുവിശേഷ പ്രസംഗകൻ. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ വക്താവ്. സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ ഡോക്ടറൽ ഗവേഷണ (ഡി.മിൻ.) വിദ്യാർത്ഥി.

*Karukayil,*
*T. K. Divakaran Road, Muttada P.O.,*
*Thiruvananthapuram 695025.*
*Ph: 0471 2541250, 2556848 Mob: 9447450612*
*jskarukayil@gmail.com*

## വൈദിക ട്രസ്റ്റി സ്ഥാനത്തേയ്ക്ക്:

# ഫാ. ഡോ. ഒ. തോമസ്



*Mob: 9497107740*

പ്രമുഖ കൗൺസലർ, ഗ്രന്ഥകാരൻ, അദ്ധ്യാപകൻ, വാഗ്മി.

ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. കേരളാ സർവ്വകലാശാലയിൽ നിന്നും സോഷ്യോളജിയിൽ എം. എ. യും, സെറാമ്പൂർ സർവ്വകലാശാലയിൽ നിന്നും ബി. ഡി. യും, പാസ്റ്ററൽ കൗൺസലിംഗിൽ എം. ടി. എച്ചും, വെല്ലൂർ ക്രിസ്ത്യൻ കൗൺസലിംഗ് സെന്ററിൽ നിന്നും കൗൺസലിംഗിൽ ഡിപ്ലോമയും, ലണ്ടൻ ഹിത്രോപ്പ് കോളജിൽ നിന്നും മനഃശാസ്ത്രത്തിൽ ബിരുദാനന്തര ഡിപ്ലോമയും സെറാംബൂർ യൂണിവേഴ്സിറ്റിയിൽ നിന്നു മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി.

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ, സ്നേഹലോകം മാസിക ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ഫാ. ഡോ. ഒ. തോമസ് വൈദികർക്കയച്ച കത്തിൽ ഇപ്രകാരം പറയുന്നു: “ദൈവേഷ്ടമായാൽ 2017 മാർച്ച് ഒന്നിന് നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെടുവാൻ പേരു നൽകുവാൻ ആഗ്രഹിക്കുകയാണ്. സഭയിലെ സുപ്രധാനമായ ഒരു ചുമതല നിർവഹിച്ചുകൊണ്ടിരിക്കുന്ന ഞാൻ, മറ്റൊരു സ്ഥാനം കൂടി ആഗ്രഹിക്കുന്നത് ശരിയാണോ എന്ന് ചിലരെങ്കിലും ചിന്തിക്കുന്നുണ്ടാകും. വ്യക്തിപരമായ ആഗ്രഹത്തെക്കാൾ ഇത് ഒരു നിയോഗമായി ഞാൻ ഏറ്റെടുക്കുകയാണ്.

സഭയിൽ എന്റെ ശുശ്രൂഷ കൂടുതൽ പ്രയോജനപ്പെടുമെന്ന് ദൈവം തോന്നിപ്പിക്കുന്നുവെങ്കിൽ ആത്മാർത്ഥമായി എനിക്കനുകൂലമായി ചിന്തിക്കുകയും വോട്ട് ആവശ്യമായി വരുന്ന പക്ഷം അത് നൽകി എന്നെ വിജയിപ്പിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അച്ചന്റെ സ്വാധീനവും പങ്കാളിത്തവും പരമാവധി ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.”

# സഭാനേതൃത്വവും രാഷ്ട്രീയ നിലപാടുകളും

### ടി. പി. ജോർജുകുട്ടി, കോത്തല

‘റവറന്റ് ഫാദർ എന്നു വിളിക്കുന്നതിനേക്കാൾ എനിക്ക് താല്പര്യം സഖാവ് ഫാദർ എന്നു വിളിക്കുന്നതാണ്. ഇത് ഞാൻ പറയുന്നത് എന്റെ സഭയുടെ പരമാദ്ധ്യക്ഷനായ കാതോലിക്കാ ബാവായുടെ അനുമതിയോടെയാണ്’ എന്ന് ഒരു ഓർത്തഡോക്സ് വൈദികൻ പരസ്യമായി കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പു കാലത്ത്, ഇടതുപക്ഷ മുന്നണിയുടെ തിരഞ്ഞെടുപ്പു പ്രചരണയോഗത്തിൽ പ്രസംഗിക്കുന്നത് വാട്സ് ആപ്പിലൂടെയും മറ്റ് പല ഓൺലൈൻ മീഡിയാകളിലൂടെയും നമ്മൾ കാണുകയും കേൾക്കുകയും ചെയ്തു. ആ സഖാവിന്റെ രാഷ്ട്രീയ നിലപാടുകൾ അംഗീകരിക്കാത്തവരും അതിനെ വിമർശിക്കുവാനോ ചോദ്യം ചെയ്യുവാനോ മുതിർന്നില്ല. ‘സഖാവിന്റെ ഇഷ്ടം അങ്ങനെയാണെങ്കിൽ അങ്ങനെ ആകട്ടെ, ഏതൊരു ഇന്ത്യൻ പൗരനും അതിന് സ്വാതന്ത്ര്യം ഉണ്ടല്ലോ’ എന്ന് വിശ്വാസികൾ വിശ്വസിക്കുന്നു.

അതുപോലെ സഭയുടെ വൈദികട്രസ്റ്റി ആയിരിക്കുമ്പോൾ ഒരുന്നത വൈദികനും ഇടതുപക്ഷ സ്ഥാനാർത്ഥിയായി നിയമസഭയിലേക്ക് മത്സരിക്കുകയുണ്ടായി. ആ സഖാവിനു വിജയിക്കുവാൻ കഴിഞ്ഞില്ലായെങ്കിലും കുഞ്ഞാടുകൾക്ക് പ്രതിഷേധമൊന്നും ഇല്ലായിരുന്നു. ‘അപ്പന് അപ്പന്റെ ഭാര്യയെ കാര്യം, എനിക്ക് എന്റെ ഭാര്യയെ കാര്യം’ എന്ന് ഒരു മകൻ അപ്പനോട് പറഞ്ഞതുപോലെ ജനം പ്രതികരിച്ചുവെന്നു മാത്രം. പുരോഹിതന്മാരും മഹാപുരോഹിതന്മാരുമൊക്കെ ഈ രാജ്യത്തെ പൗരന്മാരാണ്. പൗരന്മാർക്കുള്ള എല്ലാ അവകാശവും അവർക്കുമുണ്ട്. അതവർ പ്രയോഗിക്കട്ടെ. ആർക്കും അഭിപ്രായവ്യത്യാസമില്ല.

എന്നാൽ സാധാരണജനങ്ങൾ സ്വീകരിക്കുന്ന ഈ സമീപനം പുലർത്താൻ സഭയുടെ അധികാരികളും ബാധ്യസ്ഥരാണ്. സഭാംഗങ്ങളുടെ രാഷ്ട്രീയാവകാശങ്ങൾ മാനിക്കുന്നതിന് അവർക്കും കഴിയണം. നിർഭാഗ്യവശാൽ പലപ്പോഴും പലരുടേയും സമീപനം ഇക്കാര്യത്തിൽ അങ്ങനെയല്ല കാണുന്നത്. എന്നു മാത്രമല്ല ഇക്കാര്യത്തിൽ പ്രതിഷേധം വിളിച്ചു വരുത്തുന്ന രീതികൾ കൈക്കൊള്ളുന്നതിനും മനഃപ്പൂർവ്വം പല കേന്ദ്രങ്ങളും ശ്രമിക്കാറുമുണ്ട് എന്നു പറയാതിരിക്കാൻ നിർവാഹമില്ല. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പു കാലത്തും അതിനു മുമ്പും അന്നത്തെ മുഖ്യമന്ത്രിയോടും മന്ത്രിമാരോടും സ്ഥാനാർത്ഥികളോടും സഭാനേതൃത്വം കാണിച്ച അവഹേളനാപരമായ നിലപാടിനെക്കുറിച്ച് ഇനിയും നമ്മൾ മിണ്ടാതിരിക്കേണ്ടതുണ്ടോ? ഈ സഭയിലെയും പൊതുസമൂഹത്തിലെയും വലിയൊരു വിഭാഗം ജനം ആദരിക്കുന്ന ഭരണാധികാരികളെയും രാഷ്ട്രീയ നേതാക്കളെയും ബഹിഷ്കരിക്കുവാനുള്ള ആഹ്വാനത്തിനു സഭാനേതൃത്വം തയാറായപ്പോൾ അതിൽ ദുഃഖിച്ചവരാണ് സഭാജനങ്ങളിൽ ഏറിയപങ്കും. എന്നാൽ അതിനോടുള്ള പ്രതികരണങ്ങൾ രാഷ്ട്രീയമായി വിലയിരുത്തപ്പെടും എന്നതിനാൽ പൊതുവെ ആളുകൾ നിശബ്ദരായി. എന്നാൽ അത് തങ്ങളുടെ സമീപനത്തിന്റെ അംഗീകാരമായാണ് അധികാരികൾ കണ്ടത്. അതുകൊണ്ടുതന്നെ സ്ഥാനത്തും അസ്ഥാനത്തും സഭാനേതാക്കന്മാർക്ക് ചേരാത്തവിധത്തിലുള്ള പ്രവർത്തനങ്ങൾ പലരിൽ നിന്നും പലപ്പോഴും ഉണ്ടായി. ഒരു മുഖ്യമന്ത്രി സ്ഥാനമേറ്റാൽ അദ്ദേഹത്തെ പോയി സന്ദർശിക്കുന്ന പതിവൊന്നും ഇതുവരെ സഭാപിതാക്കന്മാർക്ക് ഉണ്ടായിരുന്നില്ല. ഒരു പരമാധികാര രാഷ്ട്രത്തിന്റെ തലവനും ആഗോള കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനുമായ മാർപാപ്പാ കേരളത്തിലെത്തിയപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാൻ ക്ഷണം ലഭിച്ച മാത്യൂസ് പ്രഥമൻ ബാവാ ചെയ്തത് എന്താണ്? അദ്ദേഹം റോമിന്റെ പോപ്പാണെങ്കിൽ, ഞാൻ ഈ സഭയുടെ അദ്ധ്യക്ഷനാണ്. എനിക്ക് എന്റെ സഭയുടെയും ജനങ്ങളുടെയും അഭിമാനം സംരക്ഷിക്കേണ്ടതുണ്ട്. ബാവായുടെ നിലപാട് ശരിയെന്നു ബോദ്ധ്യപ്പെട്ട മാർപാപ്പാ കോട്ടയത്ത് ഏലിയാ കത്തീഡ്രലിൽ വന്ന് മലങ്കരസഭയെയും അതിന്റെ അദ്ധ്യക്ഷനെയും മാനിച്ചു. ഇത് എല്ലാ അദ്ധ്യക്ഷന്മാർക്കും എപ്പോഴും സാധിക്കുന്ന കാര്യമാണെന്ന് ഇവിടെ സൂചനയില്ല. സ്വാഭിമാനം എന്നാൽ വ്യക്തിപരമായ അഹങ്കാരമല്ല എന്നും സഭയുടെ പരമാദ്ധ്യക്ഷപദം എന്നാൽ ഇതര സമൂഹങ്ങളുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുന്ന ഗുരുപീഠമാണെന്നും തെളിയിക്കുവാൻ എല്ലാവർക്കും എപ്പോഴും കഴിയണമെന്നില്ലല്ലോ.


മുഖ്യമന്ത്രിയെ സഭാദ്ധ്യക്ഷൻ സന്ദർശിച്ചത് അക്ഷന്തവ്യമായ അപരാധമാണെന്ന് ആരും പറയുന്നില്ല. ഭരണഘടനാ സ്ഥാപനങ്ങൾക്കും സ്ഥാനങ്ങൾക്കും വിധേയമായി മാത്രമേ സഭയ്ക്ക് പ്രവർത്തിക്കാനാവൂ. അതുകൊണ്ടുതന്നെ ആ സ്ഥാനങ്ങൾക്ക് ആദരവ് നൽകാനും ആ സ്ഥാനം വഹിക്കുന്നവരോട് നല്ല ബന്ധം സൂക്ഷിക്കാനും സഭാനേതൃത്വം ഉൾപ്പെടെ എല്ലാവരും ബാധ്യസ്ഥരാണ് എന്നതിൽ യാതൊരു തർക്കത്തിനും സ്ഥാനമില്ല. എന്നാൽ വ്യക്തിപരമായ തങ്ങളുടെ രാഷ്ട്രീയ നിലപാടുകൾക്ക്

*(ശേഷം 7-ാം പേജിൽ)*

## അൽമായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക്

# ജോർജ് പോൾ: സഭാസേവന രംഗങ്ങളിലെ അതുല്യ പ്രതിഭ

### വെരി റവ. ഇ. കെ. ജോർജ് ഇഞ്ചക്കാട്ട്



1500 ഇടവകകളിലായി ലോകമെങ്ങും ചിതറിപ്പാർക്കുന്ന പ്രബുദ്ധരായ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളിൽ വിവിധ കാർഷിക-വ്യാവസായിക മേഖലകളിലും സഭാ-വിദ്യാഭ്യാസ മെഡിക്കൽ - ഐ.ടി. രംഗങ്ങളിലും പ്രശസ്ത സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ സംഖ്യ എണ്ണിത്തിട്ടപ്പെടുത്താനാവാത്തവിധം വളരെ കൂടുതലാണ്. അവർ മാതൃസഭ എല്ലാ തലങ്ങളിലും ഉയരണമെന്നാഗ്രഹിക്കുന്നവരും അതിനുവേണ്ടി പ്രാർത്ഥിക്കുന്നവരും യഥാസമയം ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നവരുമാണ്. ഇവരാരുംതന്നെ സഭയിൽ എന്തെങ്കിലും സ്ഥാനമാനങ്ങൾ വേണമെന്നാഗ്രഹിക്കുന്നവരോ അതിനുവേണ്ടി തന്ത്രങ്ങൾ മെനയുന്നവരോ അല്ലതാനും.

ഈ പശ്ചാത്തലത്തിൽ യോഗ്യതയുള്ള വ്യക്തികളെ കണ്ടുപിടിച്ചു സഭയുടെ പുരോഗതിക്കുവേണ്ടി പ്രയോജനപ്പെടുത്താൻ വേണ്ട കർത്തവ്യഭാരം മലങ്കര അസ്സോസിയേഷൻ പ്രതിനിധികൾക്കുണ്ടെന്ന് എടുത്തുപറയേണ്ട കാര്യമില്ല. അതുകൊണ്ട് ഒരേ പദവിയിൽ രണ്ടും മൂന്നും ടേം ഇരുന്നവരും വീണ്ടും ഇരിക്കാൻ ആഗ്രഹിക്കുന്നവരും അതിനായി ചതുരുപായങ്ങൾ പ്രയോഗിക്കുന്നവരും നിരാകരിക്കപ്പെടണം.

യോഗ്യതയുള്ളവരും തികഞ്ഞ സഭാസ്നേഹികളും സഭയുടെ ഉന്നതസ്ഥാനങ്ങളിൽ എത്തണമെന്നു ചിന്തിക്കുന്ന ഒട്ടധികം വ്യക്തികൾ നടത്തിയ അന്വേഷണത്തിൽ പലരെ കണ്ടെത്തി എങ്കിലും അവരെല്ലാം തന്നെ മത്സരിച്ചു സ്ഥാനങ്ങൾ നേടാൻ വിസമ്മതിച്ചു. ഒടുവിൽ സഭയുടെ ഭാവിയെ മുൻനിറുത്തി സ്ഥാനാർത്ഥിയാകണമെന്നു പലവുരു നിർബന്ധിച്ചതിനെ തുടർന്ന് അവൈദിക ട്രസ്റ്റി സ്ഥാനാർത്ഥിയായി നിൽക്കാമെന്നു സമ്മതിച്ച സമുന്നത വ്യവസായിയും സഭയുടെ വിവിധ സേവനരംഗങ്ങളിലെ ഒരു വലിയ പിന്നണിനായകനുമാണ് വൻകിട വ്യവസായ സ്ഥാപനസമുച്ചയമായ സിന്തൈറ്റിന്റെ മാനേജിംഗ് ഡയറക്ടർ ജോർജ് പോൾ. തന്റെ നേട്ടങ്ങൾ നോട്ടീസടിച്ചു സഭാതലങ്ങളിൽ പ്രത്യക്ഷപ്പെടാത്ത അദ്ദേഹം വ്യവസായരംഗങ്ങളിലെ പ്രവർത്തനങ്ങൾക്കു പുറമെ പീരുമേട്ടിലെ സഭ വക എൻജിനീയറിംഗ് കോളജ് സ്ഥാപനകാര്യത്തിൽ പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ വലംകൈയായി നിന്നു പ്രവർത്തിച്ച കാര്യം പലർക്കും ഒരു പക്ഷേ അജ്ഞാതമായിരിക്കും. ഇപ്പോൾ കോലഞ്ചേരി മെഡിക്കൽ കോളജിന്റെ വൈസ് പ്രസിഡന്റായ ജോർജ് പോൾ ക്രിസ്ത്യൻ മാനേജ്മെന്റ് മെഡിക്കൽ കോളജ് സംഘടനയുടെ സെക്രട്ടറിയും മുഖ്യ വക്താവുമാണ്. സ്വകാര്യ മെഡിക്കൽ കോളജുകളുടെ നിലപാടുകളും സേവനങ്ങളും ചാനൽ ചർച്ചകളിലൂടെ വ്യക്തമായി വിശദമാക്കിയിട്ടുള്ള ജോർജ് പോളിന്റെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം അതുല്യമാണെന്നു എല്ലാവരും സമ്മതിച്ചിട്ടുള്ളതുമാണ്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നാലു ക്രിസ്ത്യൻ മെഡിക്കൽ കോളജുകളിൽ കാപ്പിറ്റേഷൻ പരിപൂർണ്ണമായിട്ട് ഇല്ലാതാക്കി മെഡിക്കൽ പ്രവേശനം നടത്തുവാൻ വർഷങ്ങളായി സാധിക്കുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ മാനേജിംഗ് കമ്മിറ്റി അംഗം, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ട്രസ്റ്റി മുതലായ സ്ഥാനങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുള്ള ജോർജ് പോൾ ടി.വി. ചർച്ചകളിലെ ഒരു പ്രമുഖ സംവാദകൻ, സർവ്വോപരി മാനേജ്മെന്റ് രംഗത്തെ രണ്ടാമനില്ലാത്ത ഒന്നാമൻ എന്നീ നിലകളിലും സേവനം ചെയ്തുവരുന്നു. ഏതാനും വർഷം മുമ്പ് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ നടത്തപ്പെട്ട നിശാവേളയിലെ തല്ലിപ്പൊളി കടന്നാക്രമണത്തെ തുടർന്ന് സംജാതമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് നിയോഗിച്ച അനുരഞ്ജന കമ്മിറ്റിയിൽ ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്തത് ജോർജ് പോളാണ്.

നേരത്തെ അവൈദിക ട്രസ്റ്റിയായിരുന്ന പറവൂർ കുളങ്ങര ഇട്ടിച്ചൻ പൈലിക്കു ശേഷം സഭയുടെ വടക്കൻ മേഖലയിൽ നിന്നുള്ള അവൈദിക ട്രസ്റ്റി സ്ഥാനാർത്ഥിയാണു ജോർജ് പോൾ എന്നും ഓർക്കേണ്ടതുണ്ട്.

കുറുപ്പംപടിയിലെ പ്രശസ്തവും പുരാതനവും കുലീനവുമായ എമ്പാശ്ശേരി കുടുംബത്തിൽ 1949-ൽ ജനിച്ച ജോർജ് പോൾ കേരള സർവ്വകലാശാലയിൽ നിന്നു പ്രകൃതിശാസ്ത്രത്തിൽ ബിരുദം നേടിയ ശേഷം കോലഞ്ചേരിയിലെ സിന്തൈറ്റ് വ്യവസായ ശൃംഖലയുടെ വൈസ് ചെയർമാനും കമ്പനിയുമായി ബന്ധപ്പെട്ട ഒട്ടധികം സ്ഥാപനങ്ങളുടെ മികച്ച മേധാവിയുമാണ്. പലതരം സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നു സത്തെടുത്തു അഞ്ഞൂറിൽപരം സംശുദ്ധമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്കു കയറ്റി അയച്ച് പ്രതിവർഷം 1600 കോടി രൂപയുടെ ഇടപാടുകൾ നടത്തുന്ന - ചൈന വരെ എത്തിനില്ക്കുന്ന - ഒരു വലിയ വ്യവസായ ശൃംഖലയാണ് സിന്തൈറ്റ്. മികച്ച കയറ്റുമതിക്കുള്ള പല അവാർഡുകൾ ലഭിച്ചിട്ടുള്ളതിൽ ഇന്ത്യൻ പ്രസിഡന്റിന്റെ ബഹുമതിപത്രവും ഉൾപ്പെടുന്നു. സിന്തൈറ്റ് കമ്പനി പ്രത്യക്ഷമായും പരോക്ഷമായും കമ്പനി ജീവനക്കാർക്കും നാട്ടുകാരായ കർഷകർക്കും മറ്റും നൽകുന്ന ക്ഷേമപദ്ധതികളും സഹായങ്ങളും അളവറ്റതാണ്.

സിന്തൈറ്റ് ഗ്രൂപ്പ് കമ്പനി സമുച്ചയം 1972-ൽ ആരംഭിച്ചതു മുതൽ അതിന്റെ ചുക്കാൻ പിടിക്കുന്ന ജോർജ് ഒട്ടധികം വിദേശ കമ്പനികളുടെ ഡയറക്ടർ ബോർഡിലും സേവനം ചെയ്തു വരികയാണ്. കൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റി (കുസാറ്റ്) സിൻഡിക്കേറ്റ് മെമ്പർ, കോതമംഗലം മാർ അത്തനേഷ്യസ് കോളജ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, ചങ്ങനാശ്ശേരിയിലെ എസ്.ബി. കോളജിലെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ഉപദേശകസമിതി അംഗം, ബോംബെ ഇന്ദിരാ ഇൻസ്റ്റിറ്റൂഷൻ ഓഫ് ബിസിനസ്സ് മാനേജ്മെന്റ് ഗവേണിംഗ് ബോർഡ് അംഗം തുടങ്ങി നിരവധി വിദ്യാഭ്യാസ മേഖലകളിൽ തനതായ വ്യക്തിത്വത്തിന്റെ ഉടമയാണ് ജോർജ് പോൾ. സ്വാശ്രയ മേഖലയിൽ മികവുറ്റ പരിചയവും ആതുരസേവന രംഗത്ത് സജീവ സാന്നിധ്യവും അദ്ദേഹത്തെ കൂടുതൽ ധന്യനാക്കിയിരിക്കുന്നു.

**ആത്മീയ നവോത്ഥാനകേന്ദ്രം**

കൊച്ചി ഭദ്രാസനത്തിന്റെ അഭിവന്ദ്യനായ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഒരു വലിയ ആത്മീയ നവോത്ഥാനകേന്ദ്രമായി കളമശേരിയിൽ ആരംഭിച്ചിരിക്കുന്ന ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ വർക്കിംഗ് പ്രസിഡന്റായി ഇപ്പോൾ പ്രവർത്തിക്കുന്നതും ജോർജ് പോളാണ്. ഈ കേന്ദ്രത്തിനുവേണ്ടി കളമശേരിയിൽ മെട്രോ ഗ്രാമത്തിനടുത്തായി ആറര ഏക്കർ സ്ഥലം വാങ്ങുകയും കെട്ടിടംപണി ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു. ഇതിനുവേണ്ടി 22 കോടിയാണു വകയിരുത്തിയിരിക്കുന്നത്. പല കേന്ദ്രങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ഗണ്യമായ ഒരു തുക സംഭരിച്ചു കഴിഞ്ഞു.

ആരാധനയ്ക്കുള്ള ചാപ്പൽ, പാഴ്സനേജ്, വൃദ്ധജനസംരക്ഷണ കേന്ദ്രം, ധ്യാനമന്ദിരം, സ്പിരിച്വൽ ഹീലിംഗ്, കൗൺസലിംഗ്, വിവാഹപൂർവ്വ ഉപദേശങ്ങൾ, കുടുംബങ്ങൾക്കുള്ള ആത്മീയ മാർഗ്ഗനിർദ്ദേശങ്ങൾ, ലൈബ്രറി, മ്യൂസിയം, പ്രസിദ്ധീകരണശാല, ഭാഷാപഠനം, ഉദ്യോഗങ്ങൾ ലഭിക്കുന്നതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കോൺഫ്രൻസുഹാൾ, അതിഥി മന്ദിരങ്ങൾ, ടൈംഷെയർ അക്കോമഡേഷൻ, പോളി ക്ലിനിക്, ഭക്ഷണശാല, വാർത്താവിനിമയ സൗകര്യം മുതലായ അത്യാധുനിക സംവിധാനങ്ങൾ എല്ലാം തന്നെ ഈ മെഗാ ആദ്ധ്യാത്മിക നവോത്ഥാനകേന്ദ്രത്തിൽ ഉണ്ടായിരിക്കും. ഇത്തരം ഒരു കേന്ദ്രം മലങ്കരസഭയിൽ മാത്രമല്ല കേരളത്തിൽ തന്നെ ഇതാദ്യമാണ്.

കൊച്ചിയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന 'ധനം' എന്ന ബിസിനസ്സ് മാസികയിൽ മുഖലേഖനമായി അടുത്തകാലത്തു വന്ന ജോർജ് പോളിന്റെ ഒരഭിമുഖ സംഭാഷണത്തിൽ ലോകോത്തര കമ്പനികളും സ്ഥാപനങ്ങളും സൃഷ്ടിക്കാൻ കുറുക്കുവഴികൾ ഇല്ലെന്നും കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചു കഠിനാദ്ധ്വാനം ചെയ്യണമെന്നും സത്യസന്ധതയും ഗുണമേന്മയും പരമാവധി നിലനിർത്തണമെന്നും ഊന്നിപ്പറഞ്ഞിരുന്നു.

## അൽമായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് മൂന്നാം തവണ

# എം. ജി. ജോർജ്ജ്, മുത്തൂറ്റ്



*Mob: 9447081016*

കോഴഞ്ചേരി തേവർവേലിൽ എം. ജോർജ്ജിന്റെ പുത്രൻ. മുത്തൂറ്റ് വ്യവസായ സാമ്രാജ്യത്തിന്റെ പ്രധാന ചുമതലക്കാരൻ. രണ്ട് ടേമായി മലങ്കരസഭയുടെ അൽമായ ട്രസ്റ്റി. ദീർഘ വർഷങ്ങളായി ഡൽഹി ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റിയംഗം.

എം. ജി. ജോർജ് വൈദികർക്കയച്ച കത്തിൽ ഇപ്രകാരം പറയുന്നു: പ. സഭയുടെ അത്മായ ട്രസ്റ്റി എന്ന നിലയിൽ ഒരു ടേം കൂടി പൂർത്തീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. തെരഞ്ഞെടുപ്പ് രംഗത്തു നിന്നും ഒഴിഞ്ഞുനിൽക്കണമെന്ന് ഞാൻ അതിയായി ആഗ്രഹിച്ചിരുന്നുവെങ്കിലും അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും അത്മായ പ്രതിനിധികളുടെയും സ്നേഹപൂർവ്വമായ നിർബന്ധത്തിന് വഴങ്ങി വീണ്ടും ഒരിക്കൽക്കൂടി നിങ്ങളുടെ പിന്തുണ തേടുകയാണ്. സഭാ സേവനം എന്റെ ജീവിതത്തിന്റെ തന്നെ ഭാഗമാണ്. കഴിഞ്ഞ 40 വർഷമായി ഞാൻ അത് തുടർന്നുകൊണ്ടിരിക്കുന്നു. ഒരിക്കലും സ്ഥാനമാനങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിച്ചിരുന്നില്ല എന്ന വസ്തുത എന്നെ സ്നേഹിക്കുന്ന എല്ലാവർക്കും അറിയാവുന്നതാണ്.

സഭയുടെ വർക്കിംഗ് കമ്മിറ്റി, ആലോചനാസമിതി, മാനേജിംഗ് കമ്മിറ്റി മീറ്റിംഗുകളിൽ സഭയുടെ പുരോഗതിക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൾ യഥാസമയം നൽകുവാൻ ഞാൻ എന്നും ശ്രമിച്ചിട്ടുണ്ട്. സഭയുടെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സന്ദർഭങ്ങളിൽ അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട് എന്ന് എനിക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്.

പ. മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ കൊടുങ്ങല്ലൂരിൽ ഒരു സ്മാരകം എന്നത് സഭയുടെ ചിരകാല സ്വപ്നമായിരുന്നു. മാർത്തോമ്മൻ സ്മൃതി മന്ദിരത്തിനുവേണ്ടി അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തി, ഏകദേശം 2 കോടി രൂപയോളം മുടക്കി, സഭയ്ക്കുവേണ്ടി വാങ്ങുവാൻ ദൈവം എനിക്ക് അവസരം നൽകി. പ. ബാവാ തിരുമേനിയുടെ അനുമതിയോടുകൂടി അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 2 വർഷത്തിനകം ഈ പദ്ധതി പൂർത്തീകരിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

പ. സഭയുടെ എളിയ പ്രവർത്തകൻ എന്ന നിലയിൽ ആത്മാർത്ഥമായും സത്യസന്ധമായും പ്രവർത്തിക്കുവാൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സഭയുടെ ഈ നിർണ്ണായക ഘട്ടത്തിൽ അത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുവാൻ അനുവദിക്കുകയും അതിനുവേണ്ട സഹായ സഹകരണങ്ങൾ നൽകണമെന്ന് സാദരം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

# സഭാനേതൃത്വവും രാഷ്ട്രീയ നിലപാടുകളും...

*(ആറാം പേജിൽ നിന്നും)*

യോജിച്ചവർ മാത്രം ഈ സ്ഥാനങ്ങൾ വഹിക്കുമ്പോൾ മാത്രമേ ഈ വിധത്തിൽ പ്രവർത്തിക്കൂ എന്ന നിലപാട് വിമർശിക്കപ്പെടും. സഭാംഗമായ വ്യക്തി മുഖ്യമന്ത്രി ആയിരുന്ന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അദ്ദേഹത്തോടും സഹപ്രവർത്തകരോടും ഈ സഭാനേതൃത്വം കാണിച്ച സമീപനത്തെ മാന്യതയില്ലാത്തത് എന്നു മാത്രമേ നമുക്കു വിശേഷിപ്പിക്കാനാകൂ. അവരുടെ ഏതെങ്കിലും നിലപാടുകൾ സഭാ താല്പര്യത്തിനു വിരുദ്ധമാണെങ്കിൽ അതിനെതിരെ നിയമപരമായി പ്രവർത്തിക്കുവാൻ കഴിയുമായിരുന്നില്ലേ? നിയമപരമായി സാധിക്കാത്ത കാര്യങ്ങൾ സമ്മർദ്ദത്തിലൂടെയെങ്കിൽ അങ്ങനെയും ശ്രമിക്കാം. എന്നാൽ അധിക്ഷേപത്തിന്റെ രീതിയിൽ സാമാന്യമര്യാദകൾക്കു നിരക്കാത്ത വിധത്തിൽ രാഷ്ട്രീയ എതിരാളികളോട് എന്നപോലെ പെരുമാറിയതിനു യാതൊരു നീതീകരണവുമില്ല. ഈ സഭയിലെ വലിയൊരു വിഭാഗം ആളുകൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഉമ്മൻചാണ്ടിയെയും മറ്റ് നേതാക്കളെയും ബഹിഷ്ക്കരിക്കുവാനും അവർക്കെതിരെ പ്രചരണം നടത്തുവാനും സഭാനേതൃത്വം തുനിഞ്ഞത് വളരെയേറെ ജനങ്ങളെ വേദനിപ്പിച്ചു. രാഷ്ട്രീയവും സഭയും തമ്മിൽ കൂട്ടിക്കെട്ടാനുള്ള ശ്രമത്തെ തുറന്നെതിർക്കാൻ അന്ന് പലരും മടിച്ചത് സ്ഥാനമാനങ്ങളെ അതിരറ്റു ബഹുമാനിക്കുന്ന പരമ്പരാഗതമായ കുടുംബങ്ങളിൽ വളർന്നതുകൊണ്ടു ശീലിച്ച പാരമ്പര്യം കൊണ്ടു മാത്രമാണ്. പിതാക്കന്മാരെയും പുരോഹിതന്മാരെയും ചോദ്യം ചെയ്യാതെ അനുസരിക്കുന്ന പാരമ്പര്യം രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി മുതലെടുക്കുന്ന സമീപനത്തെ തുറന്നെതിർക്കാൻ ഇന്നും നമ്മൾ മടിച്ചാൽ ജനം ഇരകളും മറ്റു ചിലർ വേട്ടക്കാരും ആയി രൂപാന്തരപ്പെടുക തന്നെ ചെയ്യുമെന്നതിൽ സംശയമില്ല.

സഭാംഗം എന്ന നിലയിൽ ഉമ്മൻചാണ്ടിക്ക് സവിശേഷമായ പരിഗണന നൽകണമെന്നോ, യു.ഡി.എഫിന് അനുകൂലമായ രാഷ്ട്രീയ സമീപനം സ്വീകരിക്കണമെന്നോ ആരും പറയുന്നില്ല. എന്നാൽ, ഉമ്മൻചാണ്ടി ഓർത്തഡോക്സുകാരനായതിനാൽ അദ്ദേഹത്തെ ഏതു വിധേനയും തോൽപ്പിക്കണമെന്ന് പ്രചരണം നടത്തി അതിനുവേണ്ടി അരയും തലയും മുറുക്കി യാക്കോബായ വിഭാഗം പരിശ്രമിക്കുമ്പോൾ, അവരോടൊപ്പം നിന്നുകൊണ്ടു 'അവനെ ക്രൂശിക്കുക' എന്ന് ആക്രോശിച്ചുകൊണ്ട് ഓർത്തഡോക്സ് നേതൃത്വവും രംഗത്തിറങ്ങിയതിന്റെ പിന്നിൽ, ചിലരുടെ രാഷ്ട്രീയ കുതന്ത്രങ്ങൾ മാത്രമാണുള്ളതെന്ന് ആർക്കാണ് അറിയാത്തത്? യാക്കോബായക്കാരും ഓർത്തഡോക്സുകാരും അദ്ദേഹം തങ്ങളോടു നീതിപുലർത്തിയില്ല എന്നു പ്രചരിപ്പിക്കുന്നുവെങ്കിൽ അതിനു പിന്നിലെ രാഷ്ട്രീയക്കളികൾ സുവ്യക്തമാണ്. അത്തരം രാഷ്ട്രീയക്കളികൾക്ക് കൂട്ടുനിൽക്കാൻ, സഭാംഗമായ ഒരു വ്യക്തിയെ ഒറ്റപ്പെടുത്തുവാൻ ഈ സഭയുടെ നേതൃത്വം പരിശ്രമിച്ചത് അക്ഷന്തവ്യമായ തെറ്റു തന്നെയാണ്.

വകതിരിവില്ലാത്ത രീതിയിൽ രാഷ്ട്രീയം കളിക്കുന്നതുകൊണ്ട് നേട്ടം കൊയ്യുന്നവർ പലരുണ്ട്. നിയമസഭാ സീറ്റ് തരപ്പെടുത്താനും വിജയിക്കാനുമൊക്കെ ചിലർക്കു കഴിഞ്ഞത് അവരുടെ രാഷ്ട്രീയ സാമർത്ഥ്യമായി നമുക്ക് അംഗീകരിച്ചു കൊടുക്കാം. എന്നാൽ അത്തരം പ്രവണതകൾ സഭയ്ക്കും പൊതുസമൂഹത്തിനും നൽകുന്ന സന്ദേശങ്ങൾ ഒട്ടും ശുഭകരമല്ല. പ്രായോഗിക രാഷ്ട്രീയ കാഴ്ചപ്പാടും ദീർഘദൃഷ്ടിയും തങ്ങളുടെ ലക്ഷ്യത്തിലേക്ക് കൃത്യമായി ചെന്നെത്താനുള്ള എല്ലാ സംവിധാനങ്ങളുമുള്ള വലിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ തങ്ങളുടെ പോക്കറ്റിലാക്കി എന്ന മട്ടിൽ ഹ്രസ്വദൃഷ്ടികളായ ചില സഭാജീവികൾ പെരുമാറുന്നതു കാണുമ്പോൾ 'കഷ്ടം' എന്ന് പലരും മൂക്കത്തു വിരൽ വച്ചുപോവുന്നു.

സഭാംഗമായ മുഖ്യമന്ത്രിയെ സഭാനേതൃത്വം ബഹിഷ്ക്കരിച്ചു. എന്നാൽ പുതിയ മുഖ്യമന്ത്രി സഭാപരിപാടികൾ തുടർച്ചയായി ബഹിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത് 'കാവ്യനീതി'യായി മാത്രം കണ്ടതുകൊണ്ട് കാര്യമില്ല. യഥാർത്ഥ കാരണം എന്തെന്ന് ബന്ധപ്പെട്ടവർ ചിന്തിക്കണം. സാന്നിധ്യം കൊണ്ടോ സഹകരണം കൊണ്ടോ ഓർത്തഡോക്സ് സഭാനേതൃത്വത്തെ പ്രീണിപ്പിച്ചാൽ യാക്കോബായ ഭൂരിപക്ഷ പ്രദേശങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ ഓർത്തഡോക്സുകാർ ശ്രമിക്കുമെന്ന് നെടുമ്പാശ്ശേരി സംഭവം ചൂണ്ടിക്കാട്ടി ഇടതുമുന്നണി നേതൃത്വത്തെ വിശ്വസിപ്പിക്കുവാൻ യാക്കോബായ നയതന്ത്രത്തിനു കഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്തും ഇതു തന്നെയാണ് സംഭവിച്ചത്. ചുരുക്കത്തിൽ തന്ത്രത്തിലും നയതന്ത്രത്തിലും സംഭവിക്കുന്ന വീഴ്ചകളാണ് നമ്മെ പരാജയപ്പെടുത്തുന്നത്. ബഹിഷ്ക്കരണമല്ല അതിനുള്ള മറുമരുന്ന്. പൊതു സമൂഹത്തിനു കൂടി ബോധ്യപ്പെടുന്ന വിട്ടുവീഴ്ചകളും കൂടിയാലോചനകളും ആണ്.

സഭയ്ക്ക് അത്മായ വൈദിക രംഗങ്ങളിൽ പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുവാൻ അവസരം ലഭിച്ചിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കരുതലോടെ പ്രവർത്തിക്കുവാനും സൂക്ഷ്മതയോടെ നീങ്ങുവാനും ഓരോരുത്തർക്കും ബാധ്യതയുണ്ട്. കഴിഞ്ഞ പത്തു വർഷങ്ങളിൽ കുടിലമായ സമീപനംകൊണ്ട് ഈ സഭയിൽ തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിച്ചവർക്ക് ഇനി ഒരവസരം നൽകുവാൻ പാടില്ല. വിവേകത്തോടെയും വിവേചനബുദ്ധിയോടെയും മുന്നിട്ടിറങ്ങി സഭയ്ക്ക് വ്യക്തമായ ദിശാബോധം നൽകുവാൻ നമുക്ക് ലഭിക്കുന്ന ഈ അവസരം നാം ഉപയോഗിച്ചേ മതിയാവൂ.

**(ഫോൺ: 9744284563)**

# നമുക്കും വേണമൊരു ടാലന്റ് സേർച്ച്

ഡോ. ലെജു പി. തോമസ്

**നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത ആരെങ്കിലും സമിതകളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന പക്ഷം അങ്ങനെയുള്ളവർക്കായി ഒരു യോഗ്യത പരീക്ഷ നടത്തണം. ഈ പരീക്ഷ പാസ്സാകുന്നവർക്ക് മാത്രമേ സഭാ മാനേജിംഗ് കമ്മറ്റിയിലേക്കും മെത്രാസന കൗൺസിലിലേക്കും മത്സരിക്കാനുള്ള അവസരം നൽകാവൂ.**

സഭാ മാനേജിംഗ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പു രംഗം ചൂടുപിടിക്കുകയാണല്ലോ. നിലവിലുള്ള അംഗങ്ങൾ കസേര വിടാതിരിക്കാൻ ശ്രമിക്കുമ്പോൾ പുതിയതായി പലരും കസേര പിടിക്കാനുള്ള തത്രപ്പാടിലാണ്.

രാഷ്ട്രീയ സംഘടനയായാലും സാമുദായിക സംഘടനയായാലും ശരാശരി നിലവാരത്തിലെങ്കിലും പ്രവർത്തിക്കുന്നവർക്കു മാത്രമേ തെരഞ്ഞെടുപ്പിലൂടെയായാലും നാമനിർദേശത്തിലൂടെയായാലും ആ സംഘടനയുടെ ഭാരവാഹിത്വമോ സമതിയംഗത്വമോ ലഭിക്കുകയുള്ളു. എന്നാൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ യാതൊരു പ്രവർത്തന പരിചയമില്ലാത്തവർക്കും ഏത് ഉന്നതപദവിയിലും കയറിപ്പറ്റാം. സഭയെപ്പറ്റി യാതൊരു വിവരമില്ലാത്തവർക്കും മാനേജിംഗ് കമ്മിറ്റിയിൽ നോമിനേഷൻ ലഭിക്കുന്നതിന് യാതൊരു പ്രയാസവുമില്ല. സ്വന്തം ഇടവക പൊതുയോഗത്തിൽ ഒരിക്കൽ പോലും പങ്കെടുത്തിട്ടില്ലാത്തവർ വർക്കിംഗ് കമ്മറ്റിവരെയെത്തിയാലും അത്ഭുതപ്പെടാനില്ല.

ഏറ്റവും കൂടുതൽ പ്രാവശ്യം അസ്സോസിയേഷൻ അംഗങ്ങളെ സന്ദർശിച്ചും ഏറ്റവും കൂടുതൽ തവണ ഫോൺ ചെയ്തും വോട്ടുപിടിക്കുന്നവർക്ക് മാനേജിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ വലിയ പ്രയാസമില്ല. മെത്രാച്ചന്മാരോട് ചേർന്നു നില്ക്കുന്നവർക്ക് നോമിനേഷൻ ഉറപ്പായിരുന്നെന്നാണ് പിന്നാമ്പുറ സംസാരം. ഇങ്ങനെ പദവി നേടുന്നവർക്ക് പലർക്കും സഭയോട് യാതൊരു കൂറും ഇല്ല. മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളായ രാഷ്ട്രീയക്കാർക്ക് അവർ ഉൾപ്പെടുന്ന രാഷ്ടീയ പാർട്ടിയോടായിരിക്കും പ്രാഥമിക കൂറ്. അവരുടെ മുൻഗണനാക്രമത്തിൽ സഭ മൂന്നാമതോ നാലാമതോ മാത്രമേ വരികയുള്ളു. ഈ സ്ഥാനം ഒരു അലങ്കാരമായും രാഷ്ട്രീയത്തിലെ ഉയർച്ചയ്ക്കുള്ള ഒരു ചവിട്ടുപടിയായ് മാത്രമേ അവർ കാണുന്നുള്ളു. ഇങ്ങനെയുള്ളവരെ തെരഞ്ഞുപിടിച്ച് തോൽപ്പിക്കേണ്ടതാണ്.

സഭാ മാനേജിംഗ് കമ്മറ്റി യോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾപോലും മാധ്യമങ്ങൾക്കും മറുപക്ഷത്തിനും രഹസ്യമായി വിവരങ്ങൾ ചോർത്തിക്കൊടുക്കുന്നവരുണ്ടായിരുന്നത്രേ. ഇത്തരം കപടവേഷധാരികളെ തിരിച്ചറിയണം; പുറത്തു നിർത്തണം.

സഭാജീവിതം നയിക്കുന്നവർക്കും സഭാസ്നേഹികൾക്കും സഭയ്ക്ക് പ്രഥമ മുൻഗണന നൽകുന്നവർക്കും അവർ യഥാർത്ഥത്തിൽ അർഹതയുള്ളവരാണെങ്കിലും ഒരിക്കലും സഭാപദവികൾ ലഭിക്കുകയില്ല. അവർ പ്രതിനിധികളെ സ്വാധീനിക്കാനോ മെത്രാച്ചന്മാരെ മണിയടിക്കാനോ ശ്രമിക്കുകയില്ല. അങ്ങനെയുള്ളവർ മത്സരരംഗത്തു വരാറില്ല. വന്നാലും വിജയിക്കാറുമില്ല. അർഹതയുള്ളവരെ കണ്ടെത്താൻ സഭാനേതൃത്വത്തിനും തെരഞ്ഞെടുത്തയയ്ക്കാൻ പ്രതിനിധികൾക്കും താല്പര്യമില്ലല്ലോ.

ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരേണ്ടതല്ലേ? പള്ളി ആരാധനകളിൽ സംബന്ധിക്കാത്തവരും സ്വന്തം ഇടവക പൊതുയോഗത്തിൽ പങ്കെടുക്കാത്തവരും ആത്മീയ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടില്ലാത്തവരും സഭയുടെ അടിസ്ഥാന കാര്യങ്ങളെപ്പറ്റി അറിവില്ലാത്തവരും ഒരു കാരണവശാലും ഇനി സഭാമാനേജിംഗ് കമ്മറ്റിയിലും മെത്രാസന കൗൺസിലിലും അംഗമായിക്കൂടാ.

സൺഡേസ്കൂൾ പത്താം ക്ലാസ് മത്സരപ്പരീക്ഷയോ ദിവ്യബോധനം സർട്ടിഫിക്കേറ്റ് കോഴ്സോ പാസ്സാകുന്നത് സഭാ മാനേജിംഗ് കമ്മറ്റിയിലും മെത്രാസന കൗൺസിലിലും അംഗമാകുന്നതിനുള്ള അടിസ്ഥാനയോഗ്യതയായി കണക്കാക്കണം. നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത ആരെങ്കിലും സമിതകളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന പക്ഷം അങ്ങനെയുള്ളവർക്കായി ഒരു യോഗ്യത പരീക്ഷ നടത്തണം. ഈ പരീക്ഷ പാസ്സാകുന്നവർക്ക് മാത്രമേ സഭാ മാനേജിംഗ് കമ്മറ്റിയിലേക്കും മെത്രാസന കൗൺസിലിലേക്കും മത്സരിക്കാനുള്ള അവസരം നൽകാവൂ. അല്ലെങ്കിൽ "ഈ പരീക്ഷയിൽ പങ്കെടുക്കുന്ന ആർക്കും മത്സരിക്കാം; എന്നാൽ പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് തെരഞ്ഞെടുപ്പു സമയത്ത് പരസ്യമായി പ്രഖ്യാപിക്കും." എന്ന നിബന്ധന വച്ചാലും മതി. രണ്ടോ മൂന്നോ വർഷം കൂടുമ്പോൾ യോഗ്യതാപരീക്ഷ നടത്താവുന്നതാണ്.

കോട്ടയം മെത്രാസനത്തിൽ നിന്ന് സഭാ മാനേജിംഗ് കമ്മറ്റിയിലേക്ക് മത്സരിക്കുന്നവർക്കായി ഇടവക മെത്രാപ്പോലീത്താ നടത്തിയിരുന്ന ചോദ്യോത്തര പരിപാടി ഒരു തരം യോഗ്യത പരീക്ഷ തന്നെയായിരുന്നു. 1994-ൽ കോട്ടയം മെത്രാസനത്തിൽ നിന്ന് സഭാ മാനേജിംഗ് കമ്മറ്റിയിലേക്കുള്ള അംഗങ്ങളെ നാമനിർദേശം ചെയ്യാനായി കൂടിയ യോഗം വളരെ രസകരമായിരുന്നു. സ്ഥാനാർത്ഥികളിൽ പലരും പ്രാർത്ഥനകളും ഗീതങ്ങളും തെറ്റിച്ചു ചൊല്ലുന്നതും കേൾക്കാമായിരുന്നു. പരിശുദ്ധ കാതോലിക്കാ ബാവയുടെ പേര് ചോദിച്ചപ്പോൾ മാത്യൂസ് മാർ കൂറിലോസ് എന്നായിരുന്നു ഒരു മഹാന്റെ മറുപടി. മദ്യപിക്കാറുണ്ടോ എന്ന് ഒരു സ്ഥാനാർത്ഥിയോട് ചോദിച്ചപ്പോൾ കള്ളം പറയാൻ പ്രേരിപ്പിക്കുന്നു എന്നതായിരുന്നു ഉടനെയുള്ള മറുപടി. മെത്രാസന കൗൺസിൽ തെരഞ്ഞെടുപ്പിലെ


*(ശേഷം രണ്ടാം പേജിൽ)*


** പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



Inserted by: **A Well Wisher**

**പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ 51–ാം ഓർമ്മപ്പെരുന്നാൾ ജനുവരി 3–നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ**



Inserted by: **Dr. T. A. George**
**(Former Principal, Catholicate College, Pathanamthitta)**

**മലങ്കരയുടെ ഏഞ്ചൽ ബാവാ ആയ പ. മാത്യൂസ് രണ്ടാമൻ ബാവായുടെ 10–ാം ഓർമ്മപ്പെരുന്നാൾ ജനുവരി 26–നു ശാസ്താംകോട്ടയിൽ**




Inserted by: **Prof. D. K. John & Family, Adoor**

**മലങ്കരയുടെ ഏഞ്ചൽ ബാവാ ആയ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



Inserted by: **Adv. Joseph John, Kanayil, Kayamkulam**

**മാർ തോമ്മാ ദീവന്നാസ്യോസിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



Inserted by: **A Well Wisher**

രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ ഇന്റർനെറ്റ് എഡീഷൻ പരതിയിട്ടും മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ? നിരാശപ്പെടേണ്ട. നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ?

**മലങ്കര ഓർത്തഡോക്സ് ടി വി**

**കാഴ്ചയുടെയും കേൾവിയുടെയും അപൂർവ്വ അനുഭവം.**

**സന്ദർശിക്കുക www.malankaraorthodox.tv/**


Printed and Published by Very Rev. E. K. George Enchakkattu Cor-Episcopa on behalf of Malankara Orthodox Renaissance Movement. Editor: Titus Varkey (Chempakasseril, Kollad, Kottayam. Mob: 9847423416). Office Address: Vattakunnel Bldgs., Erayilkadavu, Kottayam PIN 686 001, Kerala. DTP & Printing: Alois Graphics, Kottayam